സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

SUVISESHA DHWANI

# സുവിശേഷ ധ്വനി

2016 സെപ്റ്റംബർ 10

Suvisesha Dhwani Fortnightly Reg. No. RN. 29475/1978 Vol. 38 Issue 29

പുസ്തകം 38 ലക്കം 29 പേജ് 6

## നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു

റെജി കെ. തോമസ്, നെല്യാടി

'മറ്റുള്ളവരുടെ മനോഭാവം നേരെയാക്കുവാനുള്ള എളുപ്പവഴി നിങ്ങളുടെ മനോഭാവം നേരെയാക്കുക എന്നുള്ളതാണ്" ചരിത്ര പ്രസിദ്ധമായ ഒരു ഉദ്ധരണിയാണിത്.

കൊരിന്ത് സഭയിൽ പല പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ജാതീയ പ്രശ്നം, കൃപാവരങ്ങൾ ഉപയോഗിക്കേണ്ട വിധങ്ങളെക്കുറിച്ചുള്ള ചിന്തകൾ, വിഭാഗീയമായ പ്രശ്നങ്ങൾ വിവാഹം, പുനരുത്ഥാനം എന്നു വേണ്ട ആകെ പ്രശ്നകലുഷിതമായിരുന്നു കൊരിന്ത് സഭ. ഈ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം ദൈവാത്മാവ് നിർദ്ദേശിക്കുന്നു: "നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു" ( 1 കൊരി. 2:16).

ബൈബിളും മറ്റുള്ള മതഗ്രന്ഥങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളിൽ ഏറ്റവും പരമപ്രാധാന്യമുള്ള ഒരു കാര്യം ദൈവവചനം ഒന്നും ശുപാർശ ചെയ്യുന്നില്ല എന്നുള്ളതാണ്. അതായത് 'നാം വിശുദ്ധരായിരുന്നാൽ നന്നായിരിക്കും', 'നിങ്ങൾ ദൈവത്തിന്റെ മന്ദിരമാകാൻ ശ്രമിച്ചാൽ നന്നായിരിക്കും' ഈ വിധത്തിലല്ല സംസാരിക്കുന്നത് പ്രത്യുത കല്പനാ രൂപത്തിലും ആജ്ഞകളുടെ വിധത്തിലുമാണ്.

ഇവിടെ നാം ക്രിസ്തുവിന്റെ മനസ്സുള്ളവരാകാൻ ശ്രമിക്കണം എന്നല്ല; നാം ക്രിസ്തുവിന്റെ മനസ്സുള്ളവരാകയാൽ ഇത് ചെയ്യണം എന്നല്ല പ്രത്യുത നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു. ഇത് ഒരു കല്പനയാണ്. പൗലോസ് കൊരിന്ത്യരോട് ഇങ്ങനെ പറയുവാൻ കാരണം എന്തായിരുന്നു? ക്രിസ്തുവിന്റെ മനസ്സ് ഇല്ലാത്തതാണ് എല്ലാ പ്രശ്നങ്ങൾക്കും മൂലകാരണം. സഭയിൽ, കുടുംബത്തിൽ, വ്യക്തിജീവിത ബന്ധങ്ങളിൽ സാമൂഹികസാംസ്കാരിക രംഗങ്ങളിൽ എല്ലാം പ്രശ്നങ്ങളുടെ ഒരു വേലിയേറ്റമാണ്. സുവിശേഷരണാങ്കണത്തിൽ പ്രവർത്തിക്കുന്ന സംഘടനകൾ പോലും പ്രശ്നങ്ങളുടെ കേളീരംഗങ്ങളായി മാറുന്നു. പ്രശ്നങ്ങൾ നമ്മുടെ ആത്മിക മണ്ഡലത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്നു. മൂലകാരണം, നാം വിശകലനം ചെയ്താൽ പലർക്കും ക്രിസ്തുവിന്റെ മനസ്സ് ഇല്ല എന്നു മാത്രമല്ല ക്രിസ്തുവിന്റെ മനസ്സ് ഉള്ളവരാണ് നാം എന്ന ഓർമ്മ പോലും ഇല്ലാതെപോകുന്നു എന്നതാണ്.

എന്താണ് ക്രിസ്തുവിന്റെ മനസ്സ്? സുവിശേഷങ്ങളിൽ നാം സസൂക്ഷ്മം ശ്രദ്ധിച്ചാൽ ക്രിസ്തുവിന്റെ മനസ്സ് വായിച്ചെടുക്കാം. കുരുടനെ കണ്ടിട്ട് മനസ്സലിയുന്നു. ജനങ്ങളെ നോക്കീട്ട് ഇടയനില്ലാത്ത ആട്ടിൻകൂട്ടമായി ഓർത്ത് വിലപിക്കുന്നു. ചെറിയകൂട്ടത്തെ നോക്കി ഭയപ്പെടേണ്ട എന്ന് പ്രസ്താവിക്കുന്നു. ഇതെല്ലാം ക്രിസ്തുവിന്റെ മനസ്സായി നമുക്ക് കരുതാവുന്നതാണ്. പക്ഷേ ഇത് മാത്രമാണോ ക്രിസ്തുവിന്റെ മനസ്സ്?

പാപത്തോടുള്ള ക്രിസ്തുവിന്റെ മനോഭാവം വിചിന്തനം ചെയ്യേണ്ട കാര്യമാണ്. യോഹന്നാന്റെ സുവിശേഷം 8-ാം അധ്യായത്തിൽ പാപിനിയായ സ്ത്രീയെ പിടിച്ച് കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നു. ചരിത്രഭാഗം നമുക്ക് സുപരിചിതമാണ്. എന്നാൽ അവിടെ യേശുക്രിസ്തു കാണിച്ച മനോഭാവം നാം ശ്രദ്ധിച്ചിട്ടുണ്ടോ? യേശു കർത്താവ് അവിടെ കൂടിനിന്ന പുരുഷാരത്തോടും

**പാപിനിയായ സ്ത്രീയെ രക്ഷിക്കുവാൻ പാപത്തോട് കർത്താവിന്റെ നിലപാട് താൻ വ്യക്തമാക്കി. മറ്റുള്ളവരുടെ കുറ്റം, കുറവ് കണ്ടുപിടിക്കുന്നതിന് മുമ്പ് സ്വയം തെറ്റ് കണ്ടുപിടിക്കുക എന്നതായിരുന്നു കർത്താവ് ഉപയോഗിച്ച രീതി.**

ശാസ്ത്രിമാരോടും പരീശന്മാരോടും ഒരു പ്രഭാഷണം ചെയ്തില്ല ഉപമ പറഞ്ഞില്ല; പക്ഷേ ഒരേ ഒരു വാചകം: അതിലൂടെ അവർ എല്ലാവരും പിരിഞ്ഞു പോയി. പക്ഷേ ആ പ്രസ്താവന കൂടിവന്നവരുടെ ഹൃദയം തകർക്കുന്നതായിരുന്നു. "നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ." യേശു പാപത്തോട് താദാത്മ്യം പുലർത്തുന്ന വ്യക്തിയല്ല. പക്ഷേ പാപിനിയായ സ്ത്രീയെ രക്ഷിക്കുവാൻ പാപത്തോട് കർത്താവിന്റെ നിലപാട് താൻ വ്യക്തമാക്കി. മറ്റുള്ളവരുടെ കുറ്റം, കുറവ് കണ്ടുപിടിക്കുന്നതിന് മുമ്പ് സ്വയം തെറ്റ് കണ്ടുപിടിക്കുക എന്നതായിരുന്നു കർത്താവ് ഉപയോഗിച്ച രീതി.

ഇന്ന് സഭകളിലും കുടുംബങ്ങളിലും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അതിന്റെ കാരണം കണ്ടുപിടിക്കുന്നതിനു പകരം 'പ്രശ്നങ്ങൾ പരസ്പരം പറഞ്ഞു തീർക്കാം' 'അന്യോന്യം ക്ഷമിക്കാം' എന്നൊക്കെ പറഞ്ഞ് പ്രശ്നത്തെ മൂടിവയ്ക്കുകയാണ് പതിവ്. എന്നാൽ ആ പ്രശ്നം എങ്ങനെ ഉണ്ടായി എന്നും ആരാണ് പ്രശ്നത്തിന് കാരണക്കാരൻ എന്നും കണ്ടുപിടിച്ച് പ്രശ്നം പരിഹരിച്ചില്ലെങ്കിൽ യഥാർത്ഥ പ്രശ്നത്തിന് പരിഹാരമാകുന്നില്ല.

ഇവിടെ കർത്താവ് ഉപയോഗിച്ചതും സ്വയം തെറ്റ് കണ്ടുപിടിച്ച് തിരുത്തുക എന്ന പ്രമാണമാണ്. നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ എന്ന പ്രസ്താവനയിലൂടെ കർത്താവ് അവരെ ഒരു നല്ല പാഠം പഠിപ്പിച്ചു. മാത്രമല്ല പാപിനിയായ സ്ത്രീയെയും ഒരു പുതിയ രീതി പഠിപ്പിച്ചു. "ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല. പോകുക ഇനി പാപം ചെയ്യരുത്. യേശു ഉപയോഗിച്ച ക്രമം വളരെ രസാവഹമാണ്. പാപിനിയായ സ്ത്രീ സ്വയം തന്റെ തെറ്റ് മനസ്സിലാക്കി. പാപത്തോടുള്ള കർത്താവിന്റെ മനോഭാവം വളരെ വ്യത്യസ്തവും വ്യക്തവുമായിരുന്നു.

കപടഭക്തിയോടുള്ള യേശുക്രിസ്തുവിന്റെ മനോഭാവം വളരെ തീവ്രമായതായിരുന്നു. മത്തായി ഈ വിഷയം പ്രസ്താവിക്കുവാൻ ഒരു അധ്യായം തന്നെ (23) വേർതിരിച്ചിരിക്കുന്നു. ദൈവം ഏറ്റവും വെറുക്കുന്ന ഏറ്റവും വലിയ പാപങ്ങളിൽ ഒന്നാണ് കപടഭക്തി. രണ്ടുവിധ സ്വഭാവം എന്നോ വിവിധ സ്വഭാവങ്ങൾ എന്നോ നമുക്ക് പറയാമെ

► 3

### വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ് പ്രാർത്ഥനാ സമ്മേളനം

**ആലപ്പുഴ:** വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റിന്റെ പ്രാർത്ഥനാ സമ്മേളനം 2016 സെപ്റ്റം 25 ഞായർ വൈകിട്ട് 3.30 മുതൽ 5.30 വരെ ആലപ്പുഴ ബ്രദറൺ സഭാഹാളിൽ വച്ച് നടക്കുന്നു. വചനശുശ്രൂഷ ജോണി തോമസ് കോട്ടയം നിർവ്വഹിക്കുന്നു. പ്രാർത്ഥനയോടെ സഹോദരന്മാർ കടന്നു വന്ന് സംബന്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്: സ്റ്റാൻലി ജേക്കബ് (9847532592)

*പ്രൊഫ. എം.ജെ. കുര്യൻ (പ്രയർ കോ-ഓർഡിനേറ്റർ)*

## അനുഗ്രഹത്തെ ശാപമാക്കരുത്

സാബു വർഗീസ്, പള്ളിപ്പാട്

**ലോ**കം ഇന്ന് അനുഗ്രഹങ്ങൾക്കു വേണ്ടി ഓടുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. സുഖ സൗകര്യങ്ങളും സാമ്പത്തിക ഉന്നതിയുമാണ് അനുഗ്രഹം എന്ന പദം കൊണ്ട് ലോകം വിവക്ഷിക്കുന്നത്. അതിനുവേണ്ടി എന്തു ചെയ്യാനും ചെലവഴിക്കാനും ജനങ്ങൾ തയ്യാറാണ്. ഫലപ്രാപ്തിയില്ലെങ്കിലും അനുഗ്രഹത്തിന്റെ വാക്കുകൾ കേട്ട് ആനന്ദിക്കുന്നു. കൂടുതൽ ലഭിക്കുന്നതിനായി അടുത്ത മാർഗ്ഗം തേടുകയും ചെയ്യുന്നു. വ്യക്തിപരമായ അനുഗ്രഹത്തിനായി (സാമ്പത്തികം), ദൈവ നാമം പോലും വ്യർത്ഥാവിലെടുത്ത് അനേകർ അനുഗ്രഹങ്ങൾ വില്ക്കുന്നു. തന്മൂലം സത്യസുവിശേഷത്തിൽ നിന്നു ജനത്തെ അകറ്റുന്നതിൽ സാത്താൻ വിജയിക്കുന്നു. കർത്താവിന്റെ കാൽവറിയാഗത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെ നിസ്സാരമാക്കി ഭൗതിക നന്മകളെ ഉയർത്തി കാണിക്കുന്നു.

ഭൗതിക നന്മകളെക്കാൾ ഉപരിയായി ആത്മിക അനുഗ്രഹങ്ങൾക്കാണ് ദൈവ വചനം പ്രാധാന്യം നല്കിയിരിക്കുന്നത്. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകയാൽ (ഫിലി. 3:20) ക്ഷണികമായ ഭൗതിക അനുഗ്രഹങ്ങൾ നിത്യമായ ആത്മിക അനുഗ്രഹങ്ങളുടെ കൂടെയുള്ള പ്രോത്സാഹന സമ്മാനങ്ങൾ മാത്രമാണ്. ഭൗതികമായത് നശിച്ചു പോകുന്ന ജഡിക സുഖങ്ങൾക്കും ഉയർച്ചയ്ക്കും മാത്രമുള്ളതാണ്. എന്നാൽ ആത്മിക അനുഗ്രഹങ്ങൾ ദൈവനാമ മഹത്വത്തിനും നമ്മുടെ നിത്യസന്തോഷത്തിനുമായി പ്രയോജനപ്പെടുന്നു. മരം, പുല്ല്, വൈക്കോൽ എന്നിവ പോലെ വെന്തുപോകുന്ന ഭൗതിക നന്മകളിൽ സന്തോഷിക്കാതെ, ആത്മികമായത് കാംക്ഷിക്കുന്നുവെങ്കിൽ നമ്മുടെ ജീവിതം ദൈവസന്നിധിയിൽ വിലയേറിയ കല്ലുപോലെ നിത്യമായി ശോഭിക്കും. അനുഗ്രഹങ്ങൾ നമ്മുടെ അവകാശമാണ് എന്നു പറഞ്ഞ് ഭൗതികനേട്ടങ്ങൾക്കായി ദൈവസന്നിധിയിൽ മല്ലു പിടിക്കുന്ന അനേകരുണ്ട്. അതിന്റെ ഉറപ്പിനായി ദൈവവചനത്തിൽ നിന്ന് ഉദ്ധരിക്കാറുമുണ്ട്. ഉദാഹരണത്തിന് ഹന്ന ഒരു പൈതലിനു (ശമുവേൽ) വേണ്ടി കരഞ്ഞു. എന്നാൽ ഹന്ന കരഞ്ഞതും ദൈവം ശമുവേലിനെ നൽകിയതും മാത്രമെ പലരും

**അനുഗ്രഹങ്ങൾ നമ്മുടെ അവകാശമാണ് എന്നു പറഞ്ഞ് ഭൗതികനേട്ടങ്ങൾക്കായി ദൈവ സന്നിധിയിൽ മല്ലു പിടിക്കുന്ന അനേകരുണ്ട്. അതിന്റെ ഉറപ്പിനായി ദൈവവചനത്തിൽ നിന്ന് ഉദ്ധരിക്കാറുമുണ്ട്.**

കാണുന്നുള്ളു. അതിനു ശേഷമുള്ള കാര്യങ്ങൾ വിട്ടുകളയുന്നു. ഹന്ന തനിക്കു ലഭിച്ച അനുഗ്രഹത്തെ പൂർണ്ണമായും ദൈവത്തിനായി സമർപ്പിച്ചു. നമുക്കാവശ്യമായ ഭൗതിക നന്മകൾ എന്തെല്ലാമാണ്, എപ്പോഴാണ് തരേണ്ടത് എന്ന് സർവ്വജ്ഞാനിയായ ദൈവത്തിന് വ്യക്തമായി അറിയാം. അതു തക്ക സമയത്തു തന്നെ തരും. അതിനു മുമ്പായി നാം ചെയ്യേണ്ടുന്ന കാര്യങ്ങളും ദൈവം നമ്മോടു പറഞ്ഞിട്ടുണ്ട്. ഏൽപ്പിച്ച ഉത്തരവാദിത്തങ്ങൾ നാം ചെയ്യുമ്പോൾ, വാക്കു മാറാത്തവനായ നമ്മുടെ പിതാവ് ഈ ഭൂമിയിൽ ആവശ്യമായതൊക്കെയും നൽകിത്തരും. ആഗ്രഹങ്ങളെല്ലാം ലഭിക്കയില്ല. ആവശ്യമായതു മാത്രമെ ദൈവം തരുകയുള്ളു.

വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ ജീവിതവഴികളിലൂടെ സഞ്ചരിക്കുമ്പോൾ ദൈവം നൽകുന്ന അനുഗ്രഹങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കുവാൻ സാധിക്കും. ദൈവം നിശ്ചയിച്ചിരുന്ന സമയത്താണ് ദൈവം അനുഗ്രഹിച്ചത്. അവർ കണ്ടെത്തിയ മാർഗ്ഗത്തിലൂടെയും, ആഗ്രഹിച്ച സമയത്തും അല്ലായിരുന്നു. അത് പൂർണ്ണവും കലർപ്പില്ലാത്തതും ആയിരിക്കും. ദൈവം അബ്രഹാമിനെ അനുഗ്രഹിക്കുന്നതിനായി ഒരുക്കിയ വിധം മനസ്സിലാക്കുന്നതു നമ്മുടെ ആത്മിക വളർച്ചയ്ക്കു വളരെ പ്രയോജനമായിരിക്കും.

**1. അബ്രഹാമിനെ ദൈവം വിളിച്ചു വേർതിരിക്കുന്നു (ഉല്പ. 12).**

അബ്രഹാമിന്റെ 75-ാം വയസ്സിലാണ് ദൈവം തന്നോട് സംസാരിക്കുന്നത്.

► 4

### ബീഹാർ കാമ്പയിൻ - നാലു വർഷം കൊണ്ട് 38 ജില്ലകൾ

**അങ്കമാലി:** വൈ.എം.ഇ.എഫ് (എൻ.ഡി) ന്റെ അടുത്ത നോർത്ത് ഇന്ത്യൻ കാമ്പയിൻ 2016 നവംബർ 1-ന് ബീഹാറിൽ പശ്ചിംചമ്പാരത്തിൽ ആരംഭിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. ബീഹാറിലുള്ള 38 ജില്ലകളിൽ നാലുവർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനമാണ് ക്രമീകരിച്ചിരിക്കുന്നത്.

ടീമിൽ വിവിധ ശുശ്രൂഷകൾക്കായി- ടീം ലീഡർ, ഡ്രൈവർ, കുക്ക്, മെംബർ എന്നീ ശുശ്രൂഷകൾക്കായി സഹോദരന്മാരെ കർത്തൃനാമത്തിൽ ക്ഷണിക്കുന്നു. പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ ഒരു മാസമെങ്കിലും ടീമിനോട് ചേർന്നു പ്രവർത്തിക്കണം. ബന്ധപ്പെടേണ്ട വിലാസം: Scaria Varghese, Grace Villa, Cochin University P.O., Kochi- 682 022 Phone: (R) 0484- 2577616, (M) 9447602627 E-mail: scariavarghese49@gmail.com, scaria123_varghese@rediffmail.com



**അനുഗ്രഹങ്ങൾ ലഭിച്ചതുകൊണ്ടല്ല ദൈവത്തെ പിൻപറ്റേണ്ടത്, ദൈവിക നിയന്ത്രണത്തിൽ നമ്മെ സമർപ്പിക്കുമ്പോഴാണ് അനുഗ്രഹിക്കപ്പെടുന്നത്.**

*പേജ് 4*



### ഉൾപ്പേജുകളിൽ


- എഡിറ്റോറിയൽ 2
- ഗുജറാത്തി 3
- വന്നവഴികൾ 4
- മഹത്വത്തിൽ 5
- ചിന്ത/വാർത്തകൾ 6

SUVISESHA DHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2016 സെപ്റ്റംബർ 10/ പുസ്തകം 38, ലക്കം 29

എഡിറ്റോറിയൽ

# കട്ടപ്പനയിലേക്ക് സ്വാഗതം

## സഹകരണത്തിന്റെയും കൂട്ടായ്മയുടെയും ഒത്തുചേരലാകട്ടെ ഈ ക്യാമ്പ്

**കാ**ത്തിരുന്ന നാളുകൾ എത്തിക്കഴിഞ്ഞു. രണ്ടുവർഷത്തിലൊരിക്കൽ വൈ.എം.ഇ.എഫ്.ന്റെ നാലു ഡിവിഷനുകളും ചേർന്ന് ജനറൽ വൈ.എം.ഇ.എഫ്. ന്റെ ചുമതലയിൽ പ്രാർത്ഥനയോടും വിപുലമായ ക്രമീകരണങ്ങളോടും സംഘടിപ്പിക്കുന്ന ജനറൽ ക്യാമ്പ് ഇത്തവണ ഹൈറേഞ്ച് ഡിവിഷന്റെ സഹകരണത്തിൽ കട്ടപ്പനയിൽ വച്ചാണ് നടക്കുന്നത്.

വിപുലമായ ക്രമീകരണങ്ങളാണ് ഇത്തവണയും ചെയ്തിട്ടുള്ളത്. ഏകദേശം അറുനൂറു പേരോളം ക്യാമ്പിൽ പങ്കെടുക്കുമെന്നു പ്രതീക്ഷിക്കുന്നു. പ്രായപരിധിയില്ല എന്നതാണ് ജനറൽ ക്യാമ്പിന്റെ പ്രത്യേകത. അതുകൊണ്ടു തന്നേ തലമുറകളുടെ ഒരു ഒത്തുചേരൽ കൂടിയാണ് ആ ക്യാമ്പ്. വിവിധയിടങ്ങളിൽ നിന്ന് വിശേഷാൽ ദൂരദേശങ്ങളിൽ നിന്നു കടന്നുവരുന്ന സഹോദരന്മാരോടൊത്ത് ചില ദിവസങ്ങൾ ഒന്നിച്ചു പാർത്ത് ആത്മീയ വിരുന്നിൽ പങ്കെടുക്കുക എന്നത് ഒരു പ്രത്യേക അനുഭവം തന്നെയായി കഴിഞ്ഞ ക്യാമ്പുകളിൽ പങ്കെടുത്തിട്ടുള്ളവർ പറഞ്ഞു കേട്ടിട്ടുണ്ട്. ഈ ഒത്തുചേരൽ ഒരു ആത്മീയ മഹോത്സവമായി അനുഭവപ്പെട്ടിട്ടുള്ളതായി കഴിഞ്ഞ തലമുറയിലുള്ളവർ സാക്ഷിച്ചിട്ടുണ്ട്. അത് അവർക്ക് അങ്ങനെ തന്നേ ആയിരുന്നു താനും.

ഉള്ള സാഹചര്യത്തിൽ ഓണം പോലെ എന്ന രീതിയായിരുന്നു മുമ്പ്. ഒന്നിലും ആർക്കും പരാതിയില്ലായിരുന്നു. എല്ലാവരും സഹകരിക്കയും അന്യോന്യം സഹായിക്കയും ക്യാമ്പിൽ മറ്റുള്ളവരെ ശ്രേഷ്ഠരായി കാണുകയും ചെയ്തുവന്നിരുന്നു. അറുനൂറിൽ പരം പേർ ഒന്നിച്ച് ക്യാമ്പ് ചെയ്യുന്ന സാഹചര്യത്തിൽ പരിമിതികൾ ഉണ്ടാവുക സ്വാഭാവികമാണ്. എന്നാൽ പരാതിപ്പെടാതെ, പിറുപിറുപ്പുകൂടാതെ സന്തോഷത്തോടെ അവയെല്ലാം അംഗീകരിച്ച് ആത്മീയകൂട്ടായ്മ അനുഭവിക്കുന്ന നാളുകളായിരുന്നു അവ. വചനമാരിയുടെ നിറവിൽ മറ്റെല്ലാം മറന്നുപോകുമായിരുന്നു എന്നതാണ് സത്യം. ഇന്നത്തെ ജീവിത സാഹചര്യം മാറി, ജീവിത നിലവാരം മാറി അതിനനുസരിച്ച് ക്രമീകരണങ്ങൾക്കും മാറ്റം വരേണ്ടതാണെങ്കിലും ഇത്രയും പേർ ഒന്നിച്ചുള്ള കൂട്ടായ്മയാകുമ്പോൾ പരിമിതികൾ സ്വാഭാവികം മാത്രം.

ഇത്രയും എഴുതിയത് ഈ ക്യാമ്പിന്റെ അനുഗ്രഹത്തെ ലക്ഷ്യമാക്കി മാത്രമാണ്. കഴിഞ്ഞ വർഷങ്ങളിൽ ദൈവമക്കളുടെ സഹകരണം വളരെയുണ്ടായിരുന്നു. സാമ്പത്തിക ആവശ്യങ്ങളിൽ ദൈവജനം വളരെ സഹകരിച്ചിട്ടുണ്ട്. ഈ ക്യാമ്പിനും അതുണ്ടാവും.

ഈ ക്യാമ്പിനായി കഠിനാധ്വാനം ചെയ്യുന്ന ജനറൽ വൈ.എം.ഇ.എഫ്. ന്റെയും ഡിവിഷനുകളുടെയും സെക്രട്ടറി, പ്രസിഡന്റ് തുടങ്ങിയ ചുമതല വഹിക്കുന്ന സഹോദരന്മാരെ പ്രാർത്ഥനയിൽ ഓർക്കുകയും അവർക്ക് പിന്തുണ നൽകുകയും ചെയ്യാം. ദൈവവചന ശുശ്രൂഷ നിർവ്വഹിക്കുന്ന ദൈവദാസന്മാരെയും മറ്റ് ശുശ്രൂഷകളിൽ ഏർപ്പെടുന്ന സഹോദരങ്ങളെയും പ്രാർത്ഥനയിൽ ഓർക്കാം. ജീവിതത്തിൽ വിവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയും പരിഹാരത്തിനായി ക്യാമ്പിലെത്തുകയും ചെയ്യുന്ന യൗവ്വനക്കാരെ കൗൺസിലിംഗ് ചെയ്യുവാൻ നിയോഗിക്കപ്പെട്ടവർക്കും വേണ്ടി പ്രാർത്ഥിക്കാം.

ദൈവജനത്തിന്റെ മധ്യത്തിൽ പുത്തനൊരുണർവ്വ് ഈ ക്യാമ്പു മൂലം ഉണ്ടായിരുന്നെങ്കിൽ... നമ്മുടെ മധ്യത്തിൽ ചിലയിടത്ത് ഐക്യതയിൽ വന്നിരിക്കുന്ന വിള്ളലുകൾക്ക് ഒരു പരിഹാരമായെങ്കിൽ... ചിലർ സുവിശേഷവേലയ്ക്കായി വിളിക്കപ്പെട്ടെങ്കിൽ... ആ വിളിയോട് അനുസരണക്കേട് കാണിക്കാതെ സ്വയം സമർപ്പിച്ചെങ്കിൽ...

ഫലത്തിനായി നമുക്കു കാത്തിരിക്കാം; നമ്മെത്തന്നെ സമർപ്പിക്കാം. പ്രാർത്ഥനയിൽ മുന്നേറാം. ദൈവം നമ്മെ അനുഗ്രഹിക്കും.

*ചീഫ് എഡിറ്റർ*

# വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് – 2016

**2 വർഷത്തിലൊരിയ്ക്കൽ കേരളത്തിലെ 4 വൈ.എം.ഇ.എഫ്. ഡിവിഷനുകളും ഒരുമിച്ചു ചേർന്ന് ജനറൽ വൈ.എം.ഇ.എഫിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ക്യാമ്പ്**

**സെപ്റ്റംബർ 12 ന് തിങ്കളാഴ്ച വൈകിട്ട് 6 മണി മുതൽ 16ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് 1.30 വരെ**

**സയൺ പബ്ലിക് സ്കൂൾ, സയൺ നഗർ, സ്വരാജ്, കട്ടപ്പന** (കട്ടപ്പനയിൽ നിന്നും കോട്ടയം റൂട്ടിൽ 10 കി.മീ. ദൂരം)

പ്രധാന ലീഡേഴ്സ് : **ജോർജ് മാത്യു** (മഹാരാഷ്ട്ര), **ഡാനിയേൽ വർഗീസ്** (പുനലൂർ), **ബിജു ആലടി** (ഇടുക്കി), **ജോർജ് കോശി** (മൈലപ്ര), **ഷിജു പി. ജോസ്** (അസ്സാം)

ക്യാമ്പ് തീം : **ദൈവഭയത്തിൽ വിശുദ്ധിയെ തികയ്ക്കുക** (Key word- 2 Corin 7:1)

കർത്താവിൽ പ്രിയരേ,

കർത്തൃനാമത്തിൽ സ്നേഹവന്ദനം

രണ്ട് വർഷത്തിലൊരിക്കൽ കേരളത്തിലെ 4 വൈ.എം.ഇ.എഫ്. ഡിവിഷനുകളും ഒരുമിച്ച്, ജനറൽ വൈ.എം.ഇ.എഫ്.ന്റെ ചുമതലയിൽ നടത്തിവരുന്ന ജനറൽ ക്യാമ്പ്, ദൈവഹിതമായാൽ ഈ വർഷം കട്ടപ്പനയിൽ വച്ച്, ഓണാവധിക്കാലത്ത് നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുകയാണ്. 2016 സെപ്റ്റംബർ 12-ാം തീയതി തിങ്കളാഴ്ച മുതൽ 16 ന് വെള്ളിയാഴ്ച വരെയാണ് ക്യാമ്പ് നടക്കുന്നത്. ക്യാമ്പ് നടക്കുന്ന എല്ലാ ദിവസങ്ങളും ഗവ. അവധിദിവസങ്ങളാണെന്ന പ്രത്യേകതയും ഈ വർഷത്തെ ക്യാമ്പിനുണ്ട്. ഇതുമൂലം കൂടുതൽ സഹോദരൻമാർക്ക് കടന്നുവന്ന് സംബന്ധിക്കുവാൻ സാധിക്കുന്നതാണ്.

സഭയിലെ എല്ലാ സഹോദരന്മാരെയും ക്യാമ്പിലേക്ക് ക്ഷണിച്ചുകൊള്ളുന്നു. **സഹോദരിമാർക്കും ദിവസേന ക്യാമ്പിൽ കടന്നുവന്ന് ബൈബിൾ ക്ലാസ്സുകളിൽ സംബന്ധിക്കാവുന്നതാണ്.** ക്യാമ്പിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി എല്ലാ സഹോദരീസഹോദരന്മാരുടെയും പ്രാർത്ഥന അഭ്യർത്ഥിച്ചുകൊള്ളുന്നു.

**സാമ്പത്തിക ആവശ്യങ്ങൾ**

600 പേർ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന ഈ ജനറൽ ക്യാമ്പിന് ഏകദേശം ഏഴര ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ദൈവമക്കളുടെ ഔദാര്യദാനങ്ങളാലാണ് ക്യാമ്പിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്. നിങ്ങളുടെ വിലയേറിയ സംഭാവനകൾ വൈ.എം.ഇ.എഫിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയോ ജനറൽ ട്രഷറാറുടെ വിലാസത്തിൽ അയച്ചുതരികയോ, ക്യാമ്പിലെത്തിക്കുകയോ ചെയ്യുവാൻ അപേക്ഷിക്കുന്നു. കാത്തലിക് സിറിയൻ ബാങ്കിന്റെ ഏത് ശാഖയിലും ജനറൽ വൈ.എം.ഇ.എഫ്. അക്കൗണ്ട് നമ്പറിൽ പണം നിക്ഷേപിക്കാവുന്നതാണ്. മറ്റ് ബാങ്കുകളിൽ നിന്നും RTGS സംവിധാനം വഴിയും ഈ അക്കൗണ്ടിലേക്ക് പണം അയയ്ക്കാവുന്നതാണ്. പണം അയക്കുന്ന വിവരം ജനറൽ ട്രഷറാറെ ഫോണിൽ അറിയിക്കുവാൻ അപേക്ഷിക്കുന്നു.

**Account Details:**
**Bank : Catholic Syrian Bank,**
**Thiruvananthapuram Main Branch**
**Account Name : Y.M.E.F - GENERAL,**
**Account No. : 00960370867919000 1**
**IFSC Code : CSBK0000096**

**V.K. JOY KUMAR** (Gen. Treasurer)
**Sharon, Pirayumoodu, Neyyattinkara,**
**Thiruvananthapuram - 695121**
**Mob: 9446022942**

ജനറൽ ക്യാമ്പിനുവേണ്ടി,

**എം.സി. ജോർജ്ജ്** (ജനറൽ പ്രസിഡന്റ്)
**സ്റ്റാൻലി എബ്രാഹം** (ജനറൽ സെക്രട്ടറി )
**വി.കെ. ജോയികുമാർ** (സൗത്ത് ഡിവി. സെക്രട്ടറി)
**രമേശ് എസ്. നായർ** (നോർത്ത് ഡിവി. സെക്രട്ടറി)
**ജിജു ജോർജ്** (മലബാർ ഡിവി. സെക്രട്ടറി)
**തോമസ് മാത്യു** (ഹൈറേഞ്ച് ഡിവി. സെക്രട്ടറി)
**സാബു മാത്യു** (ക്യാമ്പ് കൺവീനർ)

**പ്രാരംഭ സമ്മേളനം**

അദ്ധ്യക്ഷൻ
**ബ്ര : സാമുവേൽ പി. എബ്രഹാം**
(ജനറൽ വൈസ് പ്രസിഡന്റ്)

പ്രാരംഭ സന്ദേശം
**ബ്ര : വി.എം. പോൾ**

**ദിവസേനയുള്ള പ്രധാന പ്രോഗ്രാമുകൾ**

**രാവിലെ 7.15 മുതൽ 7.45 വരെ**
**വചനധ്യാനം**
1 പത്രോസ് 1 മുതൽ 4 വരെ അദ്ധ്യായങ്ങൾ

**8.45 മുതൽ 9.45 വരെ**
**ബൈബിൾ ക്ലാസ്സ്**
ബ്ര : ബിജു ആലടി
വിഷയം :
പാപവും പരിണിത ഫലങ്ങളും

**10 മുതൽ 11 വരെ**
**ബൈബിൾ ക്ലാസ്സ്**
ബ്ര : ജോർജ് മാത്യു
വിഷയം :
ദൈവഭയത്തിൽ വിശുദ്ധിയെ തികയ്ക്കുക

**11.30 മുതൽ 12 വരെ**
**ബൈബിൾ ക്വിസ്**
13.09.2016 ന് ഉൽപത്തി മുതൽ ഇയ്യോബ് വരെ
ബ്ര : എം.കെ. ജെയിംസ് (നെടുങ്കണ്ടം)
14.09.2016 ന് സങ്കീർത്തനങ്ങൾ മുതൽ മലാഖി വരെ
ബ്ര : എബ്രഹാം മാത്യൂസ് (മണ്ണന്തല)
15.09.2016 ന് പുതിയ നിയമം
ബ്ര : കെ.എം. തോമസ് (മീമ്മുട്ടി)

**12 മുതൽ 1 വരെ**
**ബൈബിൾ ക്ലാസ്സ്**
ബ്ര : ഡാനിയേൽ വർഗീസ്
വിഷയം : **സഭാ സത്യങ്ങൾ**

**ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 വരെ**
**ബൈബിൾ ക്ലാസ്സ്**
ബ്ര : ജോർജ് കോശി

**13.09.2016 ന്**
വിഷയം : **വ്യക്തിത്വ വികസനം**
(Personality Development)

**14.09.2016 ന്**
വിഷയം : **സമയ വിനിയോഗം**
(Time Management)

**രാത്രി 7.00 മുതൽ 8.00 വരെ**
**രാത്രിയോഗം** (ക്യാരക്ടർ സ്റ്റഡി)
13.09.2016 ന് **എല്യേസർ** (ജോർജ് മാത്യു)
14.09.2016 ന് **ലോത്ത്** (ബിജു ആലടി)
15.09.2016 ന്
**നിക്കോദേമോസ്** (ഡാനിയേൽ വർഗീസ്)
കൂടാതെ ഗാനപരിചയം, ചോദ്യോത്തരവേള, സാക്ഷ്യയോഗങ്ങൾ, ടാലന്റ് ടൈം, മുതലായവയും ഉണ്ടായിരിക്കുന്നതാണ്.

**മിഷണറി സമ്മേളനം**
**15.09.2016 ന് 2.30 മുതൽ 4 വരെ**
സന്ദേശം : **ഷിജു പി. ജോസ് (അസ്സാം)**

**ജനറൽ കമ്മിറ്റി**
**15-ാം തീയതി വ്യാഴാഴ്ച രാത്രി 10 മണിക്ക്**

**സമാപന സമ്മേളനം**
**16-ാം തീയതി വെള്ളിയാഴ്ച**
**ഉച്ചയ്ക്ക് 12 മണി മുതൽ 1.30 വരെ**
സമാപന സന്ദേശം
**ബ്ര : ജോർജ് മാത്യു**
**സുവിശേഷ ധ്വനിയുടെ ബൈബിൾ ക്വിസ്സിന്റെ സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്.**

**ക്യാമ്പ് നിബന്ധനകൾ**

* ക്യാമ്പ് അംഗങ്ങൾ ആദിയോടന്തം ക്യാമ്പിൽ പങ്കെടുക്കണം.
* ഭക്ഷണവും താമസവും ക്യാമ്പിൽ ക്രമീകരിക്കുന്നതാണ്. പുതപ്പുകൾ എല്ലാവരും കൊണ്ടുവരേണ്ടതാണ്.
* ക്യാമ്പ് അഡ്മിഷൻ സെപ്റ്റംബർ 12 ന് 4 മണിക്ക് തന്നെ ആരംഭിക്കുന്നതാണ്. കൃത്യസമയത്തുതന്നെ എത്തിച്ചേരുവാൻ ശ്രമിക്കുക.
* **ക്യാമ്പിൽ ദിവസേന വന്ന് സംബന്ധിക്കുവാൻ ആഗ്രഹിക്കുന്ന സഹോദരീസഹോദരൻമാർ രാവിലെ 8.45 ന് ആദ്യത്തെ ബൈബിൾ ക്ലാസ്സ് തുടങ്ങുന്നതിന് മുമ്പായി എത്തിച്ചേരുക.**

**ക്യാമ്പ് ഫീസ്**

ഭക്ഷണം, താമസം എന്നിവയ്ക്കുതന്നെ ഒരാൾക്ക് 2000 രൂപയിൽ അധികം ചെലവ് വരും. എങ്കിലും നിശ്ചിത ക്യാമ്പ് ഫീസ് ഏർപ്പെടുത്തിയിട്ടില്ല. ജനറൽ വൈ.എം.ഇ.എഫ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനാൽ പരമാവധി തുക സംഭാവനയായി തന്ന് സഹായിക്കുക.

**ക്യാമ്പിലേക്കുള്ള വഴി**

**തെക്കൻ ഭാഗങ്ങളിൽ നിന്നു വരുന്നവർ** കോട്ടയത്തുനിന്നും ഏലപ്പാറ വഴി പോകുന്ന കട്ടപ്പന ബസിൽ കയറി കട്ടപ്പനക്ക് 10 കി.മീ. മുമ്പുള്ള സയൺ പബ്ലിക് സ്കൂൾ സ്റ്റോപ്പിൽ ഇറങ്ങുക. ചങ്ങനാശ്ശേരിയിൽ നിന്ന് നേരിട്ടും ഏലപ്പാറ വഴി കട്ടപ്പനയ്ക്ക് ബസ്സുകൾ ലഭിക്കുന്നതാണ്.

**വടക്കൻ ഭാഗങ്ങളിൽ നിന്നും ബസ്സിൽ വരുന്നവർ** പെരുമ്പാവൂർ ടൗൺ സ്റ്റോപ്പിൽ എത്തിച്ചേരുക. അവിടെ നിന്നും കോതമംഗലം വഴി കട്ടപ്പനയ്ക്ക് പോകുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളും പ്രൈവറ്റ് ബസ്സുകൾ ലഭിക്കുന്നതാണ്.

**വടക്കൻ ഭാഗങ്ങളിൽ നിന്നും ട്രെയിനിൽ വരുന്നവർ ഒന്നുകിൽ എറണാകുളം സൗത്ത് സ്റ്റേഷനിലിറങ്ങി** മുൻവശത്ത് ചിറ്റൂർ റോഡിലെ ബസ്സ്റ്റോപ്പിൽ എത്തിച്ചേർന്നാൽ അവിടെ നിന്നും ട്രിപ്പ് ആരംഭിക്കുന്ന പ്രൈവറ്റ് ബസ്സുകൾ കട്ടപ്പനക്ക് ലഭിക്കുന്നതാണ്. **അല്ലാത്തപക്ഷം ആലുവ സ്റ്റേഷനിലിറങ്ങി,** കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിൽ നിന്നും പെരുമ്പാവൂർ ബസ്സിൽ പെരുമ്പാവൂർ ടൗൺ സ്റ്റോപ്പിൽ എത്തിച്ചേർന്നാൽ കട്ടപ്പനയ്ക്ക് ബസ്സുകൾ ലഭിക്കുന്നതാണ്.

**തൊടുപുഴ പ്രൈവറ്റ് സ്റ്റാന്റിൽ നിന്നും** കട്ടപ്പനയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളും പ്രൈവറ്റ് ബസ്സുകളും ലഭിക്കുന്നതാണ്.

**കട്ടപ്പനയിൽ എത്തിച്ചേർന്നാൽ** അവിടെ നിന്നും ഏലപ്പാറ വഴി പോകുന്ന ഏത് ബസ്സിൽ കയറിയാലും സയൺ പബ്ലിക് സ്കൂൾ സ്റ്റോപ്പിൽ ഇറങ്ങാവുന്നതാണ്. (ദൂരം ഉദ്ദേശം 10 കി.മീ.)

**കൂടുതൽ വിവരങ്ങൾക്ക്**
**Stanly Abraham**
**General Secretary - YMEF**
**Kunnumpurathu House,**
**East Kadathy, Muvattupuzha - 686 673**
**Mob: 9388281162**
**Email: stanly60@gmail.com**

ക്യാമ്പിൽ **സുവിശേഷ ധ്വനിയുടെ** ഓഫീസ് പ്രവർത്തിക്കുന്നതായിരിക്കും. ജനറൽ വൈ.എം.ഇ.എഫ്. പ്രസിദ്ധീകരിച്ചിട്ടുള്ള **ആത്മീയ ഗീതങ്ങൾ** ഡിസ്ക്കൗണ്ട് നിരക്കിൽ വിൽപനയ്ക്ക് ഉണ്ടായിരിക്കുന്നതാണ്. **ബുക്ക് സ്റ്റാൾ** പ്രവർത്തിക്കുന്നതായിരിക്കും.


| | |
|---|---|
| ചീഫ് എഡിറ്റർ | : സാജു പി. സ്റ്റീഫൻ |
| അസോ. എഡിറ്റർ | : സാമുവൽ തോമസ് |
| മാനേജിംഗ് എഡിറ്റർ | : സാംസൺ സാമുവൽ |
| സർക്കുലേഷൻ മാനേജർ | : എ.ഡി. ജെയിംസ് |
| വാർഷിക വരിസംഖ്യ | |
| ഇന്ത്യയിൽ | : ₹ 200/- |
| യു.എസ്.എ./കാനഡ | : $ 100 |
| ഗൾഫ് നാടുകൾ | : ₹ 2500/- |

വാർത്തകളും രചനകളും ഈ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ അസ്സോസിയേറ്റ് എഡിറ്ററുടെ വിലാസത്തിൽ എത്തിക്കുക.
വരിസംഖ്യയും സംഭാവനകളും മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയക്കുക.
പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.
**ബാങ്ക് വിവരങ്ങൾ** :
Bank of Baroda, Piravom, A/c. No. 25110100001429,
IFSC Code: BARB0PIRVOM
ഡി.ഡി.യും ചെക്കും '**സുവിശേഷധ്വനി**' എന്നപേരിൽ മാത്രം അയക്കുക.
email : suviseshadhwani2011@gmail.com


## -: തിരുമൊഴി :-

"ജഡസ്വഭാവമുള്ളവർക്കു ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല."
– റോമർ 8:8

ഗോത്രങ്ങൾ തേടി..... 135

(രാജസ്ഥാൻ –15)

# ഗുജറാത്തി

**ജനസംഖ്യ** : 56,729 (രാജസ്ഥാനിൽ 2001– ലെ സെൻസസ്സ് പ്രകാരം)

**സാക്ഷരത** : വളരെ മെച്ചപ്പെട്ടത്

**തിരുവചന ലഭ്യത** : ബൈബിൾ പൂർണ്ണരൂപത്തിൽ ലഭ്യമാണ്

**ജീവിതത്തിൽ സംതൃപ്തിയും ആത്മീയ ഉന്നമന ചിന്തയും ഉള്ളവരാകയാൽ തങ്ങളുടെ മത വിശ്വാസത്തിൽ ഒരു മാറ്റം വരുത്തുവാൻ തക്ക കാരണം ഇല്ലെന്ന് ഇവർ കരുതുന്നു.**

**രാ**ജസ്ഥാനിലെ ഗുജറാത്തികൾ ഒരു കുടിയേറ്റ സമൂഹമാണ്. പല കാരണങ്ങളാൽ പല സന്ദർഭങ്ങളിൽ ഇവർ ഇവിടേയ്ക്ക് കുടിയേറി. ജീവിത വിജയവും സാമ്പത്തിക വർദ്ധനവും ഉള്ള ഒരു സംഘടിത സമൂഹമാണ് ഗുജറാത്തികൾ. ഗുജറാത്തികൾ എന്നറിയപ്പെടുന്നതിൽ പുരുഷന്മാരും സ്ത്രീകളും അഭിമാനിക്കുന്നു. ഇവർ നല്ല ഐകമത്യ ബോധമുള്ളവരും പരസ്പരം സഹായിക്കുന്നവരുമാണ്. അത്തരത്തിലാണ് അവർ അവരുടെ സാമൂഹ്യഘടന വിഭാവനം ചെയ്തിരിക്കുന്നത്. ആവശ്യത്തിലിരിക്കുന്ന ഓരോ ഗുജറാത്തിയെയും സഹായിക്കാൻ അവർ ഓരോരുത്തരും അതീവ ജാഗ്രത പുലർത്തുന്നു. ഇത് അവരുടെ സമൂഹത്തിന്റെ ഐകമത്യത്തെ വരച്ചു കാട്ടുന്നു. അതുകൊണ്ട് തന്നെ ഇവർ ജീവിതത്തിൽ സംതൃപ്തിയുള്ളവരും ഒന്നിനും ഒരു കുറവും ഇല്ലാത്തവരെ പോലെയും ആയിരിക്കുന്നു.



രാജസ്ഥാനിൽ ഗുജറാത്തികൾ പ്രധാനമായും ജയ്പ്പൂർ ജില്ലയിലാണുള്ളത്. കൂടാതെ മറ്റു പ്രധാന നഗരങ്ങളിലും ഇവർ ചിതറിപ്പാർക്കുന്നു. ഇവർ പ്രധാനമായും കച്ചവടക്കാരും മറ്റു സാധാരണ ജോലികൾ ചെയ്യുന്നവരുമാണ്. ചുരുക്കം ചിലർ മെച്ചപ്പെട്ട ഓഫീസ് ജോലികൾ ലഭിച്ചവരുണ്ട്. ചിലർ വ്യവസായങ്ങൾ നടത്തുന്നവരും മറ്റു ചിലർ വ്യവസായശാലകളിൽ പണിയെടുക്കുന്നവരുമാണ്. ഇനിയും ചിലർ പരമ്പരാഗത കൃഷികളിൽ ഏർപ്പെട്ടിരിക്കുന്നു. ദൈനംദിന ആഹാരത്തിൽ ചോറിനൊപ്പം ഗോതമ്പ് അല്ലെങ്കിൽ ജുവാർ റൊട്ടി ഒരു പ്രധാന ഘടകമാണ്. സാധാരണയായി പയറും പരിപ്പുമാണ് ആഹാരത്തിന് ഉപയോഗിക്കുന്ന മറ്റു ധാന്യങ്ങൾ. ഇവരുടെ ഭാഷയിൽ ധാരാളം നാടോടിപ്പാട്ടുകളും കഥകളും കാവ്യങ്ങളും ഉണ്ട്. നഗരങ്ങളിലുള്ളവർ ശുദ്ധവായു ലഭിക്കത്തക്ക രീതിയിൽ നന്നായി സജ്ജീകരിച്ചതും മേൽത്തരം ടൈൽസോ മാർബിളോ പതിച്ച വീടുകളിലോ, ഫ്ളാറ്റുകളിലോ താമസിക്കുന്നു. ഗ്രാമങ്ങളിലുള്ളവർ പരമ്പരാഗത രീതിയിൽ തടികൾ കൊണ്ട് പണി കഴിപ്പിച്ച മനോഹരമായ ഭവനങ്ങളിൽ പാർക്കുന്നു. വീടുകളോട് ചേർന്ന് പക്ഷികൾക്ക് തീറ്റ നൽകുന്നതിന് വേണ്ടിയുള്ള 'ഛബുത്രാസ്' പണി കഴിപ്പിച്ചിരിക്കുന്നതായും കാണാം.



ഗുജറാത്തികൾ അനേകം ദേവീദേവന്മാരെ ആരാധിക്കുന്നു. ഇവരുടെ രണ്ടാം തലമുറ മാത്രമാണ് സുവിശേഷം കേൾക്കാൻ മനസ്സ് കാണിക്കുന്നവർ. സുവിശേഷം ശ്രദ്ധിക്കുമെങ്കിലും 'യേശു മാത്രമാണ് ഒരേ ഒരു വഴി' (യോഹ. 14:6) എന്നത് അവർക്ക് ഉൾക്കൊള്ളാൻ ബുദ്ധിമുട്ടുള്ളതുപോലെ തോന്നുന്നു. ഭൗതിക ജയങ്ങളും സമ്പത്തും ഉള്ളതിനാൽ ഓരോന്നും അതാതിന്റെ പ്രത്യേക ദൈവങ്ങളുടെ അനുഗ്രഹം കൊണ്ടാണെന്ന് ഇവർ ചിന്തിക്കുന്നു. ജീവിതത്തിൽ സംതൃപ്തിയും ആത്മീയ ഉന്നമന ചിന്തയും ഉള്ളവരാകയാൽ തങ്ങളുടെ മത വിശ്വാസത്തിൽ ഒരു മാറ്റം വരുത്തുവാൻ തക്ക കാരണം ഇല്ലെന്ന് ഇവർ തരുതുന്നു. ഈ ചിന്താഗതി സുവിശേഷം അംഗീകരിക്കുവാൻ തടസ്സമായി നിൽക്കുന്നു. ആയതിനാൽ സുവിശേഷത്തോടുള്ള ഇവരുടെ പ്രതികരണം വളരെ സാവധാനത്തിൽ ആകുന്നു.

### പ്രാർത്ഥനയ്ക്കായി

- ഇവരിലുള്ള ആത്മീയ തടസ്സങ്ങൾ മാറിപ്പോകുന്നതിന് മധ്യസ്ഥ പ്രാർത്ഥന നടത്തുവാൻ, പ്രാർത്ഥനാ വീരന്മാരെ കർത്താവ് എഴുന്നേല്പിക്കുന്നതിന്...
- മിഷൻ നേതൃത്വത്തിലുള്ളവരും സുവിശേഷകരും ഗുജറാത്തി മാധ്യമങ്ങൾ വഴി ഇവരെ സമീപി ക്കുന്നതിനും ദൈവസ്നേഹം പങ്കുവയ്ക്കുന്നതിനും...
- ജീസസ്സ് ഫിലിം, റോഡിയോ പ്രോഗ്രാമുകൾ തുടങ്ങിയ സുവിശേഷ ഉപാധികൾ നന്നായി പ്രയോജനപ്പെടുന്നതിന്...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

നിണമണിഞ്ഞ കാല്പാടുകൾ 07

## ക്രിസ്തുവിനുവേണ്ടി പ്രാണത്യാഗം ചെയ്തവർ

എസ്.വി. കളമശ്ശേരി

### റോമാചക്രവർത്തിയും ക്രൈസ്തവപീഡനവും

**അ**പ്പൊസ്തലന്മാർ എല്ലാവരും തന്നെ കഠിനമായ പീഡനത്തിൽ കൂടി കടന്നാണ് ദൈവസന്നിധിയിൽ എത്തിച്ചേർന്നത്. പീഡനങ്ങളും കഷ്ടതകളും ദൈവജനത്തിന് എന്തിന്?

"ലോകം നിങ്ങളെ പകയ്ക്കുന്നു എങ്കിൽ അതു നിങ്ങൾക്കു മുമ്പെ എന്നെ പകച്ചിരിക്കുന്നു എന്ന് അറിവിൻ" (യോഹ.15:18). ദൈവത്തെയും, ദൈവജനത്തെയും എപ്പോഴും പകയ്ക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്.

കഷ്ടത നമുക്കൊരു വരമാണ് (ഫിലി. 1:29). പൗലോസ് ഇങ്ങനെ പറഞ്ഞ് അവസാനിപ്പിച്ചു. "ഞാനോ ഇപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു... ഇനി നീതിയുള്ള കിരീടം എനിക്കായി വെച്ചിരിക്കുന്നു" (2 തിമൊ. 4:6–8).

എ.ഡി. 64–ൽ റോമൻ ചക്രവർത്തിയായിരുന്നത് കുപ്രസിദ്ധനായ നീറോ ആയിരുന്നു. 16–ാമത്തെ വയസ്സിൽ രാജ്യഭരണമേറ്റെടുത്തു. മാതാവിന്റെ ദുഷ്ടസ്വഭാവം പൂർണ്ണമായും തനിക്കു ലഭിച്ചിരുന്നു. ഭർത്താവിനു വിഷം കൊടുത്തു കൊന്ന മാതാവിന്റെ പുത്രനായിരുന്നു നീറോ. പാപ്പിയസബീന എന്ന വികടസ്വഭാവമുള്ള സ്ത്രീയെ വിവാഹം ചെയ്യുന്നതിനു തടസ്സമായി നിന്ന മാതാവിനെയും നീറോ നിഷ്കരുണം വധിച്ചു. തന്റെ ജീവിതത്തിൽ തടസ്സമായി നിന്നതിനെയെല്ലാം ക്രൂരമായി നശിപ്പിച്ചു മുന്നേറി. ദനിയേൽ പ്രവചനത്തിൽ റോമാ സാമ്രാജ്യത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത്, "തിന്നുകയും തകർക്കുകയും ചെയ്യുന്ന ഘോരമൃഗം" എന്നാണല്ലോ. ഈ ക്രൂരസ്വഭാവം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ദൈവജനത്തെ ഭൂമിയിൽ നിന്നും ഇല്ലായ്മ ചെയ്യണമെന്ന് നീറോ ദൃഢപ്രതിജ്ഞ ചെയ്തിരുന്നു.

ഒരു പ്രത്യേക സമൂഹമായി, സമാധാനപൂർണ്ണരായി ദൈവത്തെ ആരാധിച്ചു കൊണ്ടിരുന്ന വിശ്വാസികളെ കഠിനമായി ഉപദ്രവിക്കണമെന്ന് നീറോ കല്പന കൊടുത്തു. റോമാപട്ടണം തീകൊണ്ടു നശിക്കുന്നതിന് കാരണമായത് വിശ്വാസികളാണെന്ന് നീറോ പറഞ്ഞു പരത്തി. കണ്ണിൽ കണ്ട സഹോദരീസഹോദരന്മാരെ ജയിലിലടച്ചു പീഡിപ്പിക്കുവാൻ തടങ്ങി. അനേകം സഹോദരീസഹോദരന്മാർ ഗുഹകളിലും പാറയുടെ പിളർപ്പുകളിലും ഒളിച്ചു. അവിടെയിരുന്നുകൊണ്ടു ദൈവത്തെ ആരാധിക്കുകയും, പ്രാർത്ഥനയാൽ ശക്തി പ്രാപിക്കുകയും ചെയ്തു. ദൈവകൃപ എല്ലാവർക്കും ധാരാളമായുണ്ടായിരുന്നു. ഒളിയിടങ്ങളിൽ നിന്നും ഓരോരുത്തരായി കടന്നുവന്നു സുവിശേഷം അറിയിച്ചു. അനേകർ കർത്താവിൽ വിശ്വസിച്ചു. വിശ്വസിച്ചവരിൽ ഭടന്മാരും ന്യായാധിപന്മാരും ഉണ്ടായിരുന്നു. പീഡിപ്പിക്കുന്തോറും ദൈവസഭ വർദ്ധിക്കുകയും ശക്തമാകയും ചെയ്തു.

**ഭർത്താവിനു വിഷം കൊടുത്തു കൊന്ന മാതാവിന്റെ പുത്രനായിരുന്നു നീറോ. പാപ്പിയസബീന എന്ന വികടസ്വഭാവമുള്ള സ്ത്രീയെ വിവാഹം ചെയ്യുന്നതിനു തടസ്സമായി നിന്ന മാതാവിനെയും നീറോ നിഷ്കരുണം വധിച്ചു.**

സഹോദരസഹോദരിമാരെ പീഡിപ്പിച്ച് കൊല്ലുന്നതിന് റോമാപട്ടത്തിൽ പ്രത്യേക വധസ്ഥലം ഒരുക്കി. ഈ സ്ഥലത്തിന് കൊളോസ്യം (colosseum) എന്ന് അറിയപ്പെട്ടിരുന്നു. അനേകം വിശ്വാസികളെ ഇവിടെ കൊണ്ടുവന്നു അതികഠിനമായി പീഡിപ്പിച്ചു കൊന്നു. മൃഗങ്ങളുടെ തുകലിൽ പൊതിഞ്ഞ് വേട്ടനായ്ക്കളുടെ മുമ്പിലിട്ട് കടിച്ചുകീറിക്കൊല്ലുക, ശരീരം മുഴുവനും തുണികൾ പൊതിഞ്ഞ് എണ്ണ ഒഴിച്ച് വലിയ തൂണുകളിൽ കെട്ടിയിട്ട് തീപ്പന്തങ്ങളായി വെളിച്ചം കാണുക, ക്രൂരമൃഗങ്ങളുടെ മുമ്പിലിട്ട് കൊല്ലുക, തിളച്ച എണ്ണയിൽ സഹോദരീസഹോദരന്മാരെ ഇടുക എന്നീ ക്രൂരപീഡനങ്ങൾ അവയിൽ ചിലവ മാത്രം– എന്നാൽ ഈ വക പീഡനങ്ങളൊന്നും ആരെയും തളർത്തിയില്ല– അവർ ധീരതയോടും സന്തോഷത്തോടും കൂടെ മരണത്തെ അഭിമുഖീകരിച്ചു. അവരിൽ ചിലരുടെ ജീവിതാനുഭവങ്ങൾ ലഭിച്ചിട്ടുണ്ട്. തുടർന്ന് അതു നമുക്കു വായിക്കാം.



കൊളോസ്യം

#### അഥേനയിലെ ഡയോനിഷ്യസ്

അഥേന ദേശക്കാരനായ ഡയോനിഷ്യസ് വളരെ ചുറുചുറുക്കുള്ള യുവാവായിരുന്നു. ബാല്യത്തിൽ തന്നെ യവന സംസ്കാരവും ഉപരിവിദ്യാഭ്യാസവും കൂടാതെ വാനഗോളശാസ്ത്രവും കരസ്ഥമാക്കി. തന്നെ ബഹുമാനിക്കുന്നതിന് റോമാപട്ടണത്തിലെ സെനറ്ററാക്കി. ഈ അവസരത്തിൽ ഡയോനിഷ്യസ് സുവിശേഷം കേൾക്കുന്നതിനും കർത്താവിൽ വിശ്വസിക്കുന്നതിനും ഇടയായി. തന്റെ ഉന്നതസ്ഥാനങ്ങളെല്ലാം വെടിഞ്ഞ് എളിയ ഒരു വിശ്വാസിയായി കർത്താവിനു വേണ്ടി ജീവിച്ചു. ധീരനായ ക്രിസ്തുവിന്റെ പടയാളിയായി നിന്നതുകൊണ്ട് തന്നെ തടവിലാക്കി. ഡയോനിഷ്യസിനെ കൊളോസിയത്തിൽ കൊണ്ടുവന്ന് തല വെട്ടിക്കൊല്ലുന്നതിന് കല്പനയായി. ഡയോനിഷ്യസ് വളരെ സന്തോഷത്തോടുകൂടി വാളിനു കീഴിലേക്ക് തന്റെ ശിരസ്സ് ഏല്പിച്ചു കൊടുത്തു. ഈ ദൈവഭൃത്യൻ മരണത്തിലും യേശുക്രിസ്തുവിന്റെ സന്തോഷം തന്റെ ജീവിതത്തിൽ സാക്ഷാത്കരിച്ചു.

*(തുടരും)*

## ▶ 1 നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു

ങ്കിലും മുഖംമൂടിയണിഞ്ഞ് നാം ചെയ്യുന്ന പ്രവൃത്തികളെയാണ് കപടഭക്തി എന്നു പറയുന്നത്. യേശുക്രിസ്തു ഇതിനെ ഏറ്റവും വെറുത്തു എന്നു മാത്രമല്ല അങ്ങനെ ചെയ്യുന്ന പാപപ്രവൃത്തികളെ നിശിതമായി വിമർശിക്കുകയും ചെയ്തു.

കപടഭക്തിയെ കർത്താവ് നിശിതമായി വിമർശിച്ചത് എന്തുകൊണ്ടാണ്. നീതിമാനും സർവ്വജ്ഞാനിയുമായ ദൈവത്തിന്റെ മുമ്പിൽ മുഖംമൂടിയണിഞ്ഞ് നിൽക്കേണ്ട ആവശ്യമുണ്ടോ? 'മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കണ്ണിന് കാണുന്നത് നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു' (കാണുന്നു) (1 ശമു. 16:7). സകലഹൃദയങ്ങളെയും അറിയുന്ന ദൈവത്തിന്റെ മുമ്പിൽ ഭക്തി പ്രകടനത്തിന്റെ ആവശ്യമുണ്ടോ?

കപടഭക്തിയുടെ പല ചിത്രങ്ങൾ മത്തായി 23 –ൽ വിശദീകരിച്ചിട്ടുണ്ട്. അതിൽ ഏറ്റവും മൂർച്ചയുള്ള ഒരു കാര്യം ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ചു കളയുകയും നിസ്സാരമായവയ്ക്ക് അമിതപ്രാധാന്യം നൽകുകയും ചെയ്യുന്നു എന്നതാണ്.

ഇന്ന് നമ്മുടെ സമൂഹത്തിൽ കാണുന്നതും ഇതാണ്. ദൈവസ്നേഹവും കരുതലും വാക്കിൽ മാത്രമായി ഒതുക്കി യഥാർത്ഥ ജീവിതത്തിൽ അത് തൊട്ടുതീണ്ടീട്ടില്ല. ആകയാൽ ജീവിത യാഥാർത്ഥ്യങ്ങളോട് നാം വിശാലസമീപനം സ്വീകരിക്കുകയും ആത്മീയജീവിതത്തോട്, ശുശ്രൂഷകളോട് സങ്കുചിത മനോഭാവം വച്ച് പുലർത്തുകയും ചെയ്യുന്നു. ഈ രീതികളെ നാം അടർത്തിമാറ്റേണ്ടത് അത്യാവശ്യമാണ്.

നാം ക്രിസ്തുവിന്റെ മനസ്സുള്ളവരാണ്. നമ്മെ തന്നെ അപഗ്രഥിച്ച് വിശ്വാസത്തിനായി മുന്നേറാം.

**വാൽക്കഷണം:** "പ്രവൃത്തികൾ വാക്കുകളേക്കാൾ ഉച്ചത്തിൽ സംസാരിക്കുന്നു."



വന്ന വഴികൾ – 55

# പശ്ചിമ ബംഗാളിലേക്കും ബീഹാറിലേക്കും...

**വർഷങ്ങൾക്കു മുമ്പെ മിഷനറിമാർ സ്ഥാപിച്ച പല സ്ഥാപനങ്ങൾ ഇവിടെയുണ്ട്. വിദൂരസ്ഥലങ്ങളിൽ നിന്നുമുള്ള കുട്ടികളെ ഇവിടെ കൊണ്ടുവന്ന് ഹോസ്റ്റലിൽ പാർപ്പിച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് ക്രമീകരണം ചെയ്തിരിക്കുന്നു.**

ഇ.ജെ. പൈലി, അങ്കമാലി

ദാനിയേലിന്റെ ദൈവം ജീവിക്കുന്നു എന്നും ബാബേൽ പ്രവാസകാലത്ത് തന്റെ മക്കൾക്കു വേണ്ടി പ്രവർത്തിച്ചപോലെ ഇന്നും അത്ഭുതകരമായി പ്രവർത്തിക്കുന്നു എന്നും സ്വന്ത അനുഭവത്തിൽ നിന്നു കഴിഞ്ഞ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. 1993 ആഗസ്റ്റ് 20–നു ബംഗാൾ ടീമിന്റെ ചുമതല ഏറ്റെടുക്കുന്നതിനായി ഞാൻ 40 ദിവസത്തെ അവധിയിൽ ബംഗാളിലേക്കു പുറപ്പെട്ടു. 22–നു ഖരഗ്പൂർ സ്റ്റേഷനിൽ എത്തിച്ചേർന്നു. ഏഷ്യയിലെ ഏറ്റവും വലിയ റെയിൽവേ പ്ലാറ്റ്ഫോം ഇവിടെയാണ്. ബിർഭും ഡിസ്ട്രിക്റ്റിലെ പ്രവർത്തനത്തിലാണ് എനിക്ക് പങ്കെടുക്കാനിടയായത്. നാരായൺപൂർ എന്ന സ്ഥലത്തുള്ള മുക്താലയ ട്രസ്റ്റു വക ഗസ്റ്റു ഹൗസിലായിരുന്നു ഞങ്ങളുടെ താമസം. അനേക ഗ്രാമങ്ങളിൽ പോയി സുവിശേഷമറിയിപ്പാൻ കർത്താവു ബലപ്പെടുത്തി. വർഷങ്ങൾക്കു മുമ്പെ മിഷനറിമാർ സ്ഥാപിച്ച പല സ്ഥാപനങ്ങൾ ഇവിടെയുണ്ട്. വിദൂരസ്ഥലങ്ങളിൽ നിന്നുമുള്ള കുട്ടികളെ ഇവിടെ കൊണ്ടുവന്ന് ഹോസ്റ്റലിൽ പാർപ്പിച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് ക്രമീകരണം ചെയ്തിരിക്കുന്നു. ഒരു വലിയ മിഷൻ ഹൈസ്കൂളും ഇവിടെയുണ്ട്. അതിന്റെ ഹെഡ്മിസ്ട്രസ്സ് റീത്താഹാൽഡറായിരുന്നു ഞങ്ങൾക്ക് താമസസൗകര്യം ക്രമീകരിച്ചു തന്നത്. ഹെഡ്മിസ്ട്രസ്സിനെ കൂടാതെ സുവിശേഷ തല്പരരായ ഒരു കൂട്ടം ക്രിസ്തീയ അധ്യാപികമാരും ഹൈസ്കൂളിൽ പ്രവർത്തിക്കുന്നു. അവരുടെ താല്പര്യത്തിൽ ഒരു ദിവസം സ്കൂളിൽ പ്രവർത്തിക്കുവാൻ സാധിച്ചു. സുവിശേഷ സന്ദേശം അറിയച്ചിതിനു പുറമേ ധാരാളം പുസ്തകങ്ങളും വിദ്യാർത്ഥികളുടെയിടയിൽ വിതരണം ചെയ്തു. ചുറ്റുപാടുള്ള സ്ഥലങ്ങളിൽ നിന്നും വന്നു പഠിക്കുന്ന കുട്ടികൾ പുസ്തകങ്ങൾ വാങ്ങി തങ്ങളുടെ ഭവനങ്ങളിലേക്കു കൊണ്ടുപോകുന്നത് വളരെ സന്തോഷകരമായ കാഴ്ചയായിരുന്നു. ഈ പ്രവർത്തനത്തിൽ കൂടെ അവരുടെ വീട്ടിലുള്ളവരും സുവിശേഷ വെളിച്ചം കണ്ടെത്തുവാനിടയായെങ്കിൽ! അധ്യാപികമാരോടും വ്യക്തമായി സുവിശേഷമറിയിക്കുവാൻ കഴിഞ്ഞു. കുട്ടികൾക്കുവേണ്ടിയുള്ള ഒരു അനാഥശാലയും ഇവിടെ പ്രവർത്തിക്കുന്നു. മിഷനറിമാർ പണി കഴിപ്പിച്ച മനോഹരമായ ഒരു പള്ളിയും ഇവിടെയുണ്ട്. മിഷനറിമാരുടെ എത്ര ശ്ലാഘനീയമായ പ്രവർത്തനങ്ങൾ! വിതെച്ചിരിക്കുന്ന വിത്തുകൾ ധാരാളം ഫലം കായ്ക്കുന്നതിനായി പ്രാർത്ഥിക്കാം.

സിംങ്ഭും ജില്ലയിലെ പ്രവർത്തനത്തിനു ശേഷം ഞാനും വിൻസെന്റും സഹോദരൻ ജേക്കബുമൊരുമിച്ച് ബീഹാറിലെ റാഞ്ചിയിലേക്കു യാത്ര തിരിച്ചു. അടുത്ത കാമ്പയിൻ ബീഹാറിലാണ് നടത്തുവാൻ വൈ.എം.ഇ.എഫ്. തീരുമാനിച്ചിരുന്നത്. അതിന്റെ ക്രമീകരണങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിന് റാഞ്ചിയിൽ വച്ച് 28–9–93–ൽ ഒരു കോൺഫറൻസ് ക്രമീകരിച്ചിട്ടുണ്ടായിരുന്നു. അതിലേക്ക് നാട്ടിൽ നിന്നും സഹോദരന്മാരായ പി.റ്റി ജോണും, റ്റി. വി. സൈമണും വന്നു ചേർന്നു. ബീഹാറിൽ പ്രവർത്തിച്ചിരുന്ന സുവിശേഷകന്മാരും സഭകളിലെ ചുമതലപ്പെട്ടവരുമായി 26 പേർ റാഞ്ചി ഹോളിൽ കൂടിവന്നു. അന്ന് ബീഹാർ വിഭജിക്കപ്പെട്ടിട്ടില്ലായിരുന്നു. ബീഹാറിന്റെ എല്ലാ ജില്ലകളിലും അഞ്ചു കൊല്ലങ്ങൾ കൊണ്ട് വൈ.എം.ഇ.എഫ്. കാമ്പയിൻ നടത്തുന്നതിനുള്ള പ്രോഗ്രാം അവിടെവച്ച് തയ്യാറാക്കി പിരിഞ്ഞു. റാഞ്ചിയിൽ ബൈബിൾ സൊസൈറ്റിയുടെ ഒരു ആക്സിലറി ആഫീസ് പ്രവർത്തിക്കുന്നുണ്ട്. അന്ന് അതിന്റെ സെക്രട്ടറി ഒരു മലയാളി ആയിരുന്നു. ഞങ്ങൾ അന്നു തന്നെ ബൈബിൾ ഹൗസിൽ പോയി അദ്ദേഹത്തെ കണ്ടു സംസാരിച്ചു. ബീഹാറിൽ സുവിശേഷ പ്രവർത്തനത്തിന് ഏറ്റവും അനുകൂലമായ സമയമാണതെന്ന് അദ്ദേഹം പറഞ്ഞു. ഹിന്ദിയിലുള്ള ബൈബിൾ പുതിയനിയമം മുതലായവ ആവശ്യാനുസരണം സപ്ലൈ ചെയ്യാമെന്നും എല്ലാ വിധത്തിലും സഹകരിക്കാമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തു. അത് ഞങ്ങൾക്കു സന്തോഷമായി. പിറ്റേ ദിവസം ഞങ്ങൾ നട്ടിലേക്ക് മടങ്ങുകയും ചെയ്തു. തുടർന്ന് 1994–99–ൽ അഞ്ചു വർഷക്കാലം ബീഹാർ കാമ്പയിൻ അത്ഭുതകരമായി നടന്നു. ദൈവത്തിനു സ്തോത്രം. അതേക്കുറിച്ച് അടുത്തതിൽ.

**നാട്ടിൽ നിന്നും സഹോദരന്മാരായ പി.റ്റി ജോണും, റ്റി.വി. സൈമണും വന്നു ചേർന്നു. ബീഹാറിൽ പ്രവർത്തിച്ചിരുന്ന സുവിശേഷകന്മാരും സഭകളിലെ ചുമതലപ്പെട്ടവരുമായി 26 പേർ റാഞ്ചി ഹോളിൽ കൂടിവന്നു.**

---

## ▶ 1 അനുഗ്രഹത്തെ ...

തന്റെ ദേശം, ചാർച്ചക്കാർ, പിതൃഭവനം എന്നിവയെ വിട്ടു ദൈവം കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പുറപ്പെടുവാൻ കല്പിക്കുന്നു. ദൈവിക അരുളപ്പാടിനെ വിശ്വസിച്ചും അനുസരിച്ചും അബ്രഹാം ആയിരുന്ന സാഹചര്യങ്ങളിൽ നിന്ന് വേർതിരിഞ്ഞ് വിശ്വാസയാത്ര തുടങ്ങുന്നു. ദൈവം ഇന്നും വചനത്തിലൂടെ അഥവാ സുവിശേഷത്തിലൂടെ താൻ ഒരുക്കിയിരിക്കുന്ന നിത്യരാജ്യത്തിലേക്കു സകലരേയും ക്ഷണിക്കുന്നു. അബ്രഹാമിനെപ്പോലെ വേർതിരിഞ്ഞാൽ മാത്രമെ ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾ ലഭ്യമാകയുള്ളു. ദൈവമഹത്വം കണ്ട് കർത്താവിനായി വേർതിരിയുന്നതിൽ നിന്നും ഭൗതിക അനുഗ്രഹങ്ങളിലൂടെ സാത്താൻ മനുഷ്യനെ തടയുന്നു. ദൈവകല്പന വിശ്വസിച്ചു അനുസരിച്ചാൽ മാത്രമെ ദൈവിക അനുഗ്രഹങ്ങൾ നേടാനാവു.

**2. ലോത്തിൽ നിന്നു വേർപിരിഞ്ഞു, ഹെബ്രോനിൽ പാർത്തു.**

പഴയ ജീവിതത്തിലെ സകലത്തിൽ നിന്നും വേർതിരിയുവാനാണ് അബ്രഹാമിനോട് ദൈവം ആവശ്യപ്പെട്ടത്. പക്ഷേ അബ്രഹാം ലോത്തിനെ കൂടെക്കൂട്ടി. അത് മുൻപോട്ടുള്ള യാത്രയിൽ സമാധാനം നഷ്ടപ്പെടുവാൻ ഇടയായിത്തീർന്നു (ഉല്പ. 13). കാര്യങ്ങൾ മനസ്സിലാക്കിയ അബ്രഹാം ലോത്തിനെ തന്നിൽ നിന്നു വേർപിരിക്കുന്നു. അതിനുശേഷം കൂടാരം നീക്കി ഹെബ്രോനിൽ ചെന്നു പാർക്കുന്നു. അഥവാ മുൻകാല ജീവിതത്തിന്റെ അവസാന കണ്ണിയും നീക്കിയിട്ടു ദൈവിക കൂട്ടായ്മയിൽ സമാധാനത്തോടെ വസിക്കുന്നു.

**ആത്മിക ജീവിതത്തിനു തടസ്സമായ സകലത്തിൽ നിന്നും വേർതിരിയുവാനാണ് ദൈവം കല്പിച്ചിരിക്കുന്നത്. എന്നാൽ പല രൂപത്തിലും ഭാവത്തിലുമായി 'ലോത്ത്' ദൈവജനത്തോടു കൂടി വസിക്കുന്നു.**

ദൈവിക കൂട്ടായ്മയുടെ സന്തോഷം അനുഭവിക്കുവാൻ വിശ്വാസികൾക്കു സാധിക്കാത്തതിന്റെ കാരണം പഴയ ലോത്ത് തന്നെയാണ്. ആത്മിക ജീവിതത്തിനു തടസ്സമായ സകലത്തിൽ നിന്നും വേർതിരിയുവാനാണ് ദൈവം കല്പിച്ചിരിക്കുന്നത്. എന്നാൽ പല രൂപത്തിലും ഭാവത്തിലുമായി 'ലോത്ത്' ദൈവജനത്തോടു കൂടി വസിക്കുന്നു. പാരമ്പര്യം, ഭൗമിക സ്ഥാനങ്ങൾ, ബന്ധുബലം തുടങ്ങിയ ഏതെങ്കിലും വിധത്തിലാണെന്നു മാത്രം. പിതാക്കന്മാർ സുവിശേഷത്താൽ കർത്താവിനായി വേർപെട്ടപ്പോൾ ലൗകിക പുകഴ്ചകളൊക്കെയും ചവറെന്നെണ്ണി. ദാരിദ്ര്യം, നിന്ദ തുടങ്ങി സകല കഷ്ടതകളും സഹിച്ച് കർത്താവിൽ സന്തോഷിച്ചു. സകലതും ഉപേക്ഷിച്ച അവരെ ദൈവം ഭൗതികമായും മാനിച്ചപ്പോൾ, പിൻമുറക്കാർ ഇന്ന് പഴയ ലോത്തിനെ ജീവിതത്തിലേക്കു ക്ഷണിച്ചു കൊണ്ടിരിക്കുന്നു. ലോത്തിന്റെ സാന്നിധ്യം ഭൗതിക ബലവും പുകഴ്ചയും നല്കിയേക്കാം. എന്നാൽ ദൈവിക നന്മകൾ പ്രാപിച്ച് സമാധാനത്തോടെ വസിക്കണമെങ്കിൽ ലോത്തിനെ പൂർണ്ണമായും ഒഴിവാക്കണം. എങ്കിൽ മാത്രമെ ദൈവിക കൂട്ടായ്മ അനുഭവിച്ച് ദൈവത്തെ ആരാധിക്കുവാൻ കഴികയുള്ളു.

**3. പരിഛേദന കഴിച്ചു.**

ദൈവം അബ്രഹാമിനോടു കല്പിക്കുന്നു, നീയും നിന്റെ ഭവനത്തിലുള്ള പുരുഷപ്രജകളെല്ലാവരും പരിഛേദന ഏല്ക്കണം. അത് സ്ഥിര നിയമം ആയിരിക്കുകയും പരിഛേദന ഏല്ക്കാത്തവനെ ജനത്തിൽ നിന്നു ഛേദിച്ചു കളയുകയും വേണം (ഉല്പ.17). പരിഛേദന ശുദ്ധീകരണത്തേയും ദൈവകല്പനയുടെ അനുസരണത്തേയും കാണിക്കുന്നു. ദൈവിക അനുഗ്രഹങ്ങൾ ലഭിക്കണമെങ്കിൽ ശുദ്ധീകരണം വളരെ അത്യാവശമാണ്. പില്ക്കാലത്ത് ആചാരം മാത്രമായിത്തീർന്ന ശാരീരിക പരിഛേദനയല്ല, ആത്മാവിലുള്ള പരിഛേദനയാണ് പുതിയനിയമ വിശ്വാസികൾക്കു ദൈവം കല്പിച്ചിരിക്കുന്നത്. നമ്മിൽ നിന്നു സകല അശുദ്ധിയും നീക്കി കളഞ്ഞെങ്കിൽ മാത്രമെ ദൈവിക അനുഗ്രഹങ്ങൾക്ക് യോഗ്യരാകയുള്ളു.

**4. വാഗ്ദത്തത്തിൽ വിശ്വസിക്കുന്നു.**

മമ്രേയുടെ തോപ്പിൽ വച്ച് അബ്രഹാമിന്റെ 99 –ാം വയസ്സിൽ ദൈവം തന്റെ വാഗ്ദത്തത്തെ ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുകയും ലഭ്യമാകുന്ന സമയം അറിയിക്കുകയും ചെയ്യുന്നു (ഉല്പ. 18). മറുചോദ്യം കൂടാതെ അബ്രഹാം പൂർണ്ണമായി വിശ്വസിക്കുന്നു. തന്നെ വിളിച്ചു വേർതിരിച്ചപ്പോൾ, 75–ാം വയസ്സിൽ നല്കിയ വാഗ്ദത്തം തന്നെയാണ് ഇത്. കഴിഞ്ഞ 24 വർഷമായിട്ടും ലഭിച്ചില്ലയെങ്കിലും, വാഗ്ദത്തം നല്കിയ ദൈവം വിശ്വസ്തനെന്ന് അബ്രഹാം പിറുപിറുപ്പു കൂടാതെ ഉറച്ചു വിശ്വസിച്ചു. കർത്താവ് ഈ ഭൂമിയിൽ ആയിരുന്നപ്പോൾ മാർത്തയോടു പറഞ്ഞതും ഇതു തന്നെയായിരുന്നു. "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും." (യോഹ. 11:40)

**ദൈവഹിതത്തിനു വിരോധമായി നേടുന്നതൊക്കെയും അനുഗ്രഹത്തിനു പകരം ശാപത്തിനും വേദനയ്ക്കും ഇടയായിത്തീരും.**

**5. ലോത്തിന്റെ രക്ഷക്കായി യാചിക്കുന്നു. (ഉല്പ. 18)**

ദൈവം സോദോമിന്റെ ന്യായവിധിയെക്കുറിച്ചു അബ്രഹാമിനെ അറിയിക്കുന്നു. അപ്പോൾ തനിക്കു ലഭിച്ച അനുഗ്രഹങ്ങളിൽ മാത്രം ആനന്ദിക്കാതെ, സോദോമിൽ വസിക്കുന്ന തന്റെ സഹോദരൻ ലോത്തിനെ ഓർത്ത് വേദനിക്കുകയും വിടുതലിനായി ദൈവസന്നിധിയിൽ യാചിക്കുകയും ചെയ്യുന്നു. ഈ ലോകത്തിനു നിശ്ചയിച്ചിരിക്കുന്ന ന്യായവിധിയെക്കുറിച്ച് ദൈവം, കൃപയാൽ രക്ഷിക്കപ്പെട്ടവരായ നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് ശിക്ഷാവിധിയിലേക്കു പോകുന്നവരുടെ വിടുതലിനായി പ്രവർത്തിക്കുവാനും ദൈവസന്നിധിയിൽ യാചിക്കുവാനുമുള്ള ഉത്തരവാദിത്വവും നമുക്കാണ്. നമ്മെ സ്നേഹിക്കുന്ന കർത്താവിന് മനസ്സലിവു തോന്നിയപ്പോൾ, കാൽവറിയിൽ യാഗമായി തീർന്നു നമുക്കായി നിത്യരക്ഷ ഒരുക്കി. അതിനാൽ മറ്റുള്ളവരെക്കുറിച്ചുള്ള ആത്മഭാരവും സുവിശേഷം അറിയിക്കുന്നതിലുള്ള ഉത്സാഹവും നമുക്കുണ്ടായിരിക്കണം.

**അനുഗ്രഹങ്ങൾ ലഭിച്ചതുകൊണ്ടല്ല ദൈവത്തെ പിൻപറ്റേണ്ടത്, ദൈവിക നിയന്ത്രണത്തിൽ നമ്മെ സമർപ്പിക്കുമ്പോഴാണ് അനുഗ്രഹിക്കപ്പെടുന്നത്.**

**6. അനുഗ്രഹം പ്രാപിക്കുന്നു. (ഉല്പ. 21)**

ദൈവം വാഗ്ദത്തം ചെയ്തിരുന്നതുപോലെ യിസ്ഹാക്കിനെ നല്കി അനുഗ്രഹിക്കുന്നു. 75–ാം വയസ്സിൽ ലഭിച്ച വാഗ്ദത്തം 100–ാം വയസ്സിലാണ് ലഭിക്കുന്നത്. അതിൽ പൂർണ്ണ സന്തോഷം അനുഭവിക്കുവാൻ അബ്രഹാം ആത്മികമായി ഒരുക്കപ്പെടേണ്ടത് അഥവാ വളരേണ്ടത് ആവശ്യമായിരുന്നു. ഇതിനിടയിൽ യിശ്മായേൽ ജനിച്ചുവെങ്കിലും മാനുഷിക ബുദ്ധിയിലായതിനാൽ ദാസിയുടെ മകൻ എന്നൊരു കളങ്കവും ലഭിച്ചു. ദൈവഹിതത്തിനു വിരോധമായി നേടുന്നതൊക്കെയും അനുഗ്രഹത്തിനു പകരം ശാപത്തിനും വേദനയ്ക്കും ഇടയായിത്തീരും. അതായത് യിശ്മായേലിനെപ്പോലെ, തന്റെ സഹോദരൻമാർക്ക് എതിരെ പാർക്കയും, എല്ലാവർക്കും വിരോധമായിരിക്കുകയും ചെയ്യും (ഉല്പ. 16:12).

**7. ആരാധിക്കുന്ന അബ്രഹാം.**

അബ്രഹാമിനു വാഗ്ദത്ത പ്രകാരം ലഭിച്ച അനുഗ്രഹം തന്നെ യാഗമായി നല്കുവാൻ ദൈവം ആവശ്യപ്പെടുന്നു. എന്തെങ്കിലുമൊക്കെ കൊടുക്കുന്നതിലല്ല, മറിച്ച് ലഭിച്ച അനുഗ്രഹം പൂർണ്ണമായി സമർപ്പിക്കുന്നതിലാണ് ദൈവം പ്രസാദിക്കുന്നത്. മറുത്തൊരു വാക്കു പോലും പറയാതെ അബ്രഹാം യിസ്ഹാക്കിനെ സമർപ്പിക്കുന്നു. 75–ാം വയസ്സിൽ നല്കിയിട്ടു ദൈവം തിരികെ ചോദിച്ചിരുന്നുവെങ്കിൽ, ഒരുപക്ഷേ അബ്രഹാം ഒന്നു വിഷമിച്ചേനെ. എന്നാൽ നീണ്ട 25 വർഷത്തെ പരിശീലനത്തിനുശേഷം അബ്രഹാമിനു മനസ്സിലായി സകലത്തിലും ഉന്നതമാണ് ദൈവിക കൂട്ടായ്മയും കരുതലുമെന്ന്. അനുഗ്രഹങ്ങൾ ലഭിച്ചതുകൊണ്ടല്ല ദൈവത്തെ പിൻപറ്റേണ്ടത്, ദൈവിക നിയന്ത്രണത്തിൽ നമ്മെ സമർപ്പിക്കുമ്പോളാണ് അനുഗ്രഹിക്കപ്പെടുന്നത്. നമ്മുടെ കഴിവിനാൽ നേടുന്ന നന്മകൾ കുറവുള്ളതെന്നും ശാപത്തിനു കാരണമാകുമെന്നും യിശ്മായേൽ കാണിച്ചു തരുന്നു. എന്നാൽ ദൈവഹിതപ്രകാരമുള്ളതു മാത്രമെ ആരാധനയ്ക്കും നിത്യസന്തോഷത്തിനും യോഗ്യമാകയുള്ളു.

ദൈവത്തിനായി വേർതിരിഞ്ഞ്, അശുദ്ധി നീക്കി കളഞ്ഞ്, അനുസരണത്തോടെ വസിച്ച് ദൈവിക അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഇടയാകട്ടെ. അതുപോലെ നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ അത്യുന്നതന്റെ മഹത്വം കണ്ട് ആരാധിക്കുവാൻ നമ്മെ സഹായിക്കട്ടെ. ●



email : suviseshadhwani2011@gmail.com

# എന്താണ് ദൈവമക്കളുടെ ജ്യേഷ്ഠാവകാശം?

**കെ.വി. ജോസ്, എറണാകുളം**

നാം ദൈവമക്കൾ എന്നുള്ളത് നമുക്കു ലഭിച്ച ജ്യേഷ്ഠാവകാശ പദവിയാണ്. (1 യോഹ. 3:1) ദൈവവചനത്താൽ ദൈവകുടുംബത്തിലേക്ക് വീണ്ടും ജനനം പ്രാപിച്ച് നമുക്ക് പ്രവേശനം ലഭിച്ചു. ദൈവം നമ്മുടെ പിതാവായി യേശുക്രിസ്തു നമ്മുടെ രക്ഷിതാവും കർത്താവുമായിത്തീർന്നു. ഇത് കൃപയാൽ വിശ്വാസം മൂലം നമുക്കു ലഭിച്ച പദവിയാണ്. അതോടൊപ്പം സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങൾക്കും നാം അവകാശികളും ആണ്. (എഫെ. 1:3. 1 പത്രോ. 2:9,10) ഈ വാക്യങ്ങളിൽ നമുക്ക് ലഭിച്ച അതിവിശിഷ്ട പദവികളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. അവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തിരഞ്ഞെടുക്കപ്പെട്ടവർ. അന്ധകാരത്തിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക് കടന്നു വന്നവർ. രാജകീയ പുരോഹിത വർഗ്ഗം, വിശുദ്ധ വംശം സ്വന്ത ജനം (വെളി. 1:6) പിതാവായ ദൈവത്തിന് രാജ്യവും പുരോഹിതന്മാരുമാക്കി വച്ചവർ. ഇതെല്ലാം നമുക്ക് ലഭിച്ച ജ്യേഷ്ഠാവകാശമാണ്. ഇതിൽ പദവികളും അതോടൊപ്പം നാം ചെയ്യേണ്ട കർത്തവ്യങ്ങളും അടങ്ങിയിട്ടുണ്ട്. ഈ പദവിയുടെ ഉദ്ദേശ്യം അവന്റെ സൽഗുണങ്ങൾ ഘോഷിക്കുകയാണ്. അതോടൊപ്പം പുരോഹിതന്മാർ എന്ന നിലയ്ക്ക് ആത്മീയ യാഗം കഴിക്കുക എന്നതും ആണ്. അനുഗൃഹീതമായ ആത്മീയശുശ്രൂഷകൾ ചെയ്ത് ദൈവത്തെ പ്രസാദിപ്പിച്ച് ജീവിക്കുക എന്നതാണ് നമ്മുടെ ഉത്തരവാദിത്തം. സ്വന്ത രക്തത്താൽ ദൈവം തനിക്കായി സമ്പാദിച്ച ദൈവത്തിന്റെ സഭ (അപ്പൊ. 20:28). ഈ പദവിക്കും മാന്യതയ്ക്കും വിശുദ്ധിക്കും ഒത്ത് നമ്മുടെ അവകാശം വെളിപ്പെടുത്തി നാം ജീവിക്കേണ്ടതുണ്ട്.

*സുവിശേഷം അറിയിക്കുക എന്നതാണ് നമ്മുടെ ജ്യേഷ്ഠാവകാശം*

സുവിശേഷം അറിയിക്കുക എന്നത് രക്ഷിക്കപ്പെട്ട ഒരു ദൈവപൈതലിന്റെ കടമയാണ്. യെരുശലേമിലെ സഭയും അന്ത്യോക്യ സഭയും ഒക്കെ അതിന് മാതൃകകൾ ആണ്. വിശ്വാസികൾ സ്ത്രീ പുരുഷവ്യത്യാസം കൂടാതെ സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു (ഫിലി. 4:3, ലൂക്കോ. 8:1-3). അപ്പൊ. 6-ാം അധ്യായത്തിൽ ഭക്ഷണമേശയിൽ ശുശ്രൂഷകൾക്കായി തിരഞ്ഞെടുക്കപ്പെട്ട യുവാക്കന്മാരായ സ്തെഫാനൊസും ഫിലിപ്പൊസും പിന്നീട് സുവിശേഷം അറിയിക്കുന്നതായി കാണുന്നു. (അപ്പൊ. പ്രവൃ. 11:19-26). യെരുശലേം സഭയിൽ ഉപദ്രവം ഉണ്ടായപ്പോൾ ചിതറിപ്പോയ വിശ്വാസികൾ പലസ്ഥലങ്ങളിലും സുവിശേഷം അറിയിച്ചു. അങ്ങനെ അന്ത്യോക്യയിൽ സഭയുണ്ടായി. അവിടെ നിന്ന് സഭ പ്രാർത്ഥിച്ചും ഉപവസിച്ചുംകൊണ്ട് പരിശുദ്ധാത്മാവ് വേലയ്ക്ക് വേർതിരിച്ചവരെ പറഞ്ഞയയ്ക്കുന്നു. ഒരു സ്ഥലം സഭയുടെ പരമമായ ലക്ഷ്യവും ഉത്തരവാദിത്തവും സുവിശേഷം അറിയിക്കുക എന്നതാണ്. അതിനാണ് സഭകൾ നിലകൊള്ളേണ്ടത്. ആത്മാർത്ഥമായി ആത്മാക്കൾക്കു വേണ്ടി കരഞ്ഞു പ്രാർത്ഥിക്കുന്ന ആത്മഭാരമുള്ള സഹോദരീസഹോദരന്മാരും ഉണ്ടാകേണ്ടതുണ്ട്. സഭാമൂപ്പന്മാരും സുവിശേഷകന്മാരും വിശ്വാസികളും ഒരുമിച്ച് പ്രാർത്ഥിച്ച് ആത്മഭാരത്തോടെ വേലചെയ്ത ഒരു കാലമുണ്ടായിരുന്നു. ഇന്ന് ഇതൊക്കെ മാറിയിരിക്കുന്നു. സുവിശേഷകന്മാരുടെ മാത്രം ഉത്തരവാദിത്തമാണ് സുവിശേഷം അറിയിക്കുക എന്ന ചിന്തയിലേക്ക് തരംതാണു. അതു മാത്രമല്ല പല സുവിശേഷ സംഘടനകളും രൂപപ്പെട്ടു. അതുകൊണ്ട് സുവിശേഷ പ്രവർത്തനങ്ങൾ ഇവരുടെ ചുമതലയാണെന്നും ഞങ്ങൾ ഒന്നും ചെയ്യേണ്ടതില്ല എന്ന മനോഭാവത്തിലേക്ക് വിശ്വാസികൾ വരികയും ചെയ്തു. സുവിശേഷത്തോടും സുവിശേഷവേലയോടും യാതൊരു താല്പര്യവും ഇല്ലാത്ത ഒരു സ്ഥിതി വിശേഷമാണ് ഇന്ന് സഭകളിൽ കാണുന്നത്. തലമുറകൾക്ക് സുവിശേഷ വേലയെക്കുറിച്ച് യാതൊരു കാഴ്ചപ്പാടും ഇല്ല.

ഈ കാലഘട്ടത്തിൽ സഭകൾക്ക് സുവിശേഷ ദർശനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. നാമമാത്രമായ വേല ചെയ്യുന്നു എന്നത് ഒഴിച്ചാൽ കാര്യമായി ഒന്നും തന്നെ ചെയ്യുന്നില്ല. പല സഭകളിലും ആത്മാക്കൾ രക്ഷിക്കപ്പെട്ട് സഭയോട് ചേർന്നിട്ട് നിരവധി വർഷങ്ങളായി. പുതിയതായി ആരും കടന്നു വരണം എന്ന താല്പര്യവും ഇല്ല. ചില സഭകളിൽ ഞങ്ങൾ മാത്രം മതി മറ്റാരും വേണ്ടാ എന്ന മനോഭാവമാണ്. ദൈവം സഭയിൽ സുവിശേഷപ്രവർത്തനങ്ങൾക്കും സഭാ ശുശ്രൂഷകൾക്കും ആയി ശുശ്രൂഷകന്മാരെ നിയമിച്ചിട്ടുണ്ട്. (എഫെ. 4:11) അവൻ ചിലരെ അപ്പൊസ്തലന്മാരായും പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും

**ദൈവസഭയിൽ സുവിശേഷകന്മാരെ നിയമിച്ചിരിക്കുന്നു എന്ന് വചനം വെളിപ്പെടുത്തുമ്പോൾ ചില സഭകളിൽ സുവിശേഷകന്മാർ വേണ്ട എന്നു വയ്ക്കുന്നു. സുവിശേഷകന്മാർ ഉള്ള ചില സഭകളിൽ അവരെ ആ നിലയിൽ കണ്ട് മാനിക്കാതിരിക്കുന്നതും ശരിയല്ല എന്നു മാത്രമല്ല വചന വിരുദ്ധമായ പ്രവണതയും ആണ്.**

നിയമിച്ചിരിക്കുന്നു. ഇത് എന്തിനുവേണ്ടിയാണ് എന്നത് എഫെ. 4:12-16 വരെയുള്ള വാക്യങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ദൈവസഭയിൽ സുവിശേഷകന്മാരെ നിയമിച്ചിരിക്കുന്നു എന്ന് വചനം വെളിപ്പെടുത്തുമ്പോൾ ചില സഭകളിൽ സുവിശേഷകന്മാർ വേണ്ട എന്നു വയ്ക്കുന്നു. സുവിശേഷകന്മാർ ഉള്ള ചില സഭകളിൽ അവരെ ആ നിലയിൽ കണ്ട് മാനിക്കാതിരിക്കുന്നതും ശരിയല്ല എന്നു മാത്രമല്ല വചന വിരുദ്ധമായ പ്രവണതയും ആണ്. ഒരു സ്ഥലം സഭയോട് ചേർന്ന് അതിന്റെ വിവിധ സ്ഥലങ്ങളിൽ സുവിശേഷം അറിയിച്ച് ആത്മാക്കളെ സഭയിലേക്ക് കൊണ്ടുവരികയോ അല്ലെങ്കിൽ സുവിശേഷം അറിയിച്ച് ആത്മാക്കളെ നേടി പുതിയ പുതിയ കൂടിവരവുകൾ ആരംഭിക്കുകയോ ആണ് സുവിശേഷകന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വം. അങ്ങനെയിരിക്കെ സഭയിൽ സുവിശേഷകൻ ഇല്ലാതിരിക്കുന്നത് ദൈവവചനത്തിനും ദൈവവ്യവസ്ഥയ്ക്കും എതിരല്ലേ? സഭകൾ നിലനിൽക്കുന്നതു തന്നെ സുവിശേഷം അറിയിക്കാനാണ്. അതു ദൈവം നമുക്കു തന്ന ജ്യേഷ്ഠാവകാശമാണ്. പദവിയാണ്. ഈ പദവിയെ നാം മനഃപൂർവ്വം അലക്ഷ്യമായി വിചാരിക്കരുത്.

*വേദപുസ്തകത്തിലെ ഉപദേശ സത്യങ്ങൾ മുറുകെ പിടിച്ച് ജീവിതത്തിൽ പ്രായോഗികമാക്കുന്നതാണ് നമ്മുടെ ജ്യേഷ്ഠാവകാശം*

ദൈവവചനത്തിലെ നിർമ്മലമായ സത്യങ്ങളും പത്ഥ്യോപദേശങ്ങളും മുറുകെ പിടിക്കണം (യൂദാ 3) വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടണമെന്ന് യൂദ പ്രബോധിപ്പിക്കുന്നു. (2 പത്രോ. 1:1) ഞങ്ങൾക്കു ലഭിച്ചതുപോലെ അതേ വിലയേറിയ വിശ്വാസം ലഭിച്ചവർക്ക് എഴുതുന്നത്. വേദപുസ്തകം വെളിപ്പെടുത്തുന്ന വിശ്വാസ സത്യങ്ങളും ഉപദേശങ്ങളും ഒരിക്കലായി വിശുദ്ധന്മാർക്ക് ഭരമേല്പിക്കപ്പെട്ടതാണ്. അതിനു മാറ്റമില്ല. ആ ഉപദേശ സത്യങ്ങൾ നാം മുറുകെ പിടിക്കണം. വേർപാടും വിശുദ്ധിയും വേദപുസ്തക സത്യോപദേശങ്ങളും മുറുകെ പിടിച്ചു കൊണ്ടുള്ള മാതൃകാപരമായ ലളിത ജീവിതമായിരുന്നു മറ്റു സമുദായങ്ങളിൽ നിന്നും നാമധേയ ക്രൈസ്തവരിൽ നിന്നും നമ്മെ വ്യത്യസ്തരാക്കി നിർത്തിയിരുന്നത്. (സംഖ്യ23:9) ശിലാഗ്രഹങ്ങളിൽ നിന്ന് ഞാൻ അവനെ കാണുന്നു. ഗിരികളിൽ നിന്ന് ഞാൻ അവനെ ദർശിക്കുന്നു. ഇതാ തനിച്ചു പാർക്കുന്നോരു ജനം ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല. (അപ്പൊ. പ്രവൃ. 5:13) മറ്റുള്ളവർ ആരും അവരോട് ചേരുവാൻ തുനിഞ്ഞില്ല. ജനമോ അവരെ പുകഴ്ത്തി പോന്നു. മേൽക്കുമേൽ അനവധി പുരുഷന്മാരും സ്ത്രീകളും വിശ്വസിച്ച് അവരോടു ചേർന്നു. നൂറു ശതമാനവും വേർപെട്ട ഒരു ജനമായിരുന്നു ദൈവസഭ. തനിച്ചു പാർക്കുന്നോരു ജനം. ജാതികളുടെ ഇടയിൽ എണ്ണപ്പെടുന്നും ഇല്ല. അവരോടു ചേരുവാൻ മറ്റുള്ളവർ ധൈര്യപ്പെട്ടില്ല. ജനം അവരെ

➢➢ 6

# മഹത്വത്തിൽ



**മൂവാറ്റുപുഴ:** കായനാട് ബ്രദറൺ അസംബ്ലി അംഗമായ ഇഷ്ണപ്പിള്ളിൽ **ഐപ്പ് പൈലി (91)** ജൂലൈ 23-ന് താൻ പ്രിയം വച്ചിരുന്ന നിത്യ ഭവനത്തിലേക്ക് ചേർക്കപ്പെട്ടു. അനേകം ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ കായനാട് ബ്രദറൺ സഭയുടെ ചുമതലയിൽ നടന്ന ശുശ്രൂഷകൾക്കു ശേഷം ഭൗതിക ശരീരം ജൂലൈ 28-ന് വാളകം ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായിരിക്കുന്ന പ്രിയപ്പെട്ടവരെ പ്രാർത്ഥനയിൽ വഹിക്കുക.



**പുനലൂർ:** കമുകുംചേരി പുന്നവേലിൽ പി.സി. മത്തായിയുടെ ഭാര്യ **അന്നമ്മ മത്തായി (94)** ആഗസ്റ്റ് 25-ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ആഗസ്റ്റ് 27-ന് ചെമ്മന്തൂർ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗദുഃഖത്തിലായിരിക്കുന്ന പ്രിയപ്പെട്ടവരെ പ്രാർത്ഥനയിൽ ഓർക്കുക.



**കുമ്പനാട്:** ഇളപ്പുങ്കൽ പരേതനായ പി.സി. ഏബ്രഹാമിന്റെ ഭാര്യ **ഏലിയാമ്മ ഏബ്രഹാം (94)** ആഗസ്റ്റ് 24-ന് മഹത്വതീരത്തേക്ക് ചേർക്കപ്പെട്ടു. ആഗസ്റ്റ് 27-ന് കുമ്പനാട് ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**അടൂർ:** കിളിവയൽ നെല്ലിവിളയിൽ കുഞ്ഞുകുട്ടി ചാക്കോയുടെ ഭാര്യ **തങ്കമ്മ (73)** കർത്താവിൽ നിദ്ര പ്രാപിച്ചു. ആഗസ്റ്റ് 25-ന് പറുത്തിപ്പാറ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിക്കുക.



**മലപ്പുറം:** ചുങ്കത്തറ ബ്രദറൺ സഭാംഗമായിരുന്ന സഹോദരൻ **രാജു സി.എം. (49)** ആഗസ്റ്റ് 5-ന് താൻ പ്രിയം വെച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം നടന്നു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും



**രാജകുമാരി:** കുരുവിള സിറ്റി മറ്റപ്പാടത്ത് സുവിശേഷകൻ **എം.എം. ജോസഫ് (77)** ആഗസ്റ്റ് 24-ന് താൻ പ്രത്യാശ വച്ചിരിക്കുന്ന മഹത്വതീരത്തേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം ആഗസ്റ്റ് 29-ന് രാജകുമാരി നോർത്ത് സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. മക്കളിൽ ബൈജു ജോസഫ് (തേവര), എബിസൺ എം.ജെ. (രാജസ്ഥാൻ) എന്നിവർ കർത്തൃശുശ്രൂഷയിലാണ്. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിക്കുക.



**പത്തനംതിട്ട:** ഓമല്ലൂർ മുട്ടത്ത് പരേതനായ എം.ജെ. മാത്യൂസിന്റെ പത്നി **ചിന്നമ്മ മാത്യു (87)** സെപ്റ്റം. 4-ന് മഹത്വത്തിലേക്കു ചേർക്കപ്പെട്ടു. മഞ്ഞിനിക്കര ബ്രദറൺ സഭാംഗമായിരുന്നു. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെയും പ്രിയപ്പെട്ടവരെയും പ്രാർത്ഥനയിൽ ഓർക്കുക.

**തമിഴ്നാട്:** കടലാടി ബ്രദറൺ സഭാംഗമായിരുന്ന സഹോദരി **തമയന്തി അമ്മാൾ** ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സംസ്കാരം ആഗസ്റ്റ് 23-ന് കടലാടി സഭയുടെ ചുമതലയിൽ നടന്നു. സുവിശേഷകൻ മോഹൻ (ചെന്നൈ) മരുമകനാണ്. ദുഃഖത്തിലായിരിക്കുന്ന കുടുംബത്തെ ദൈവകരങ്ങളിൽ വഹിക്കുക.

"കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു."

*വെളിപ്പാട് 14:13*

# സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**തൃശ്ശൂർ:** മുണ്ടൂർ എബനേസർ ബ്രദറൺ അസംബ്ലിയുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ മൂന്നു വർഷമായി അനുഗ്രഹമായി തുടരുന്നു. ഈ പ്രവർത്തനം പ്രധാനമായും ഹിന്ദിഭാഷ സംസാരിക്കുന്ന സഹോദരന്മാർക്കുവേണ്ടിയാണ് തുടങ്ങിയത്. എന്നാൽ തദ്ദേശീയരായ സഹോദരീസഹോദരന്മാരുടെ ആവശ്യപ്രകാരം ഹിന്ദി, മലയാളം ഭാഷകളിൽ ആരാധനായോഗം നടന്നുവരുന്നു. ഈ ശുശ്രൂഷ ആരംഭിച്ചതു രെഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിലും എബനേസർ പ്രിന്റിംഗ് പ്രസ്സിന്റെ സഹകരണത്തിലുമാണ്.

ദൈവകൃപയാൽ 2016 ആഗസ്റ്റ് 14-ാം തീയതി ഞായറാഴ്ച രാവിലെ എട്ടു മണിക്കു മൂന്നു സഹോദരന്മാരുടെ സ്നാനശുശ്രൂഷ നടന്നു. സഹോദരൻ ജയരാജ് വചന ശുശ്രൂഷയും സുവിശേഷകൻ ബിജു ബഞ്ചമിൻ സ്നാനശുശ്രൂഷയും നിർവ്വഹിച്ചു. അന്നേ ദിവസം വൈകിട്ട് 6 മണിക്ക് മുണ്ടൂരിലുള്ള ജെ.ജെ. ഓഡിറ്റോറിയത്തിൽവച്ച് നടന്ന പൊതുയോഗത്തിൽ സുവിശേഷകന്മാരായ സന്തോഷ് തോമസ് (ജാർഖണ്ഡ്) ഷൈൻ പി. അസ്സി (വെസ്റ്റ് ബംഗാൾ) എന്നിവർ 'ജീവിതം ഒന്നേയുള്ളൂ, അത് വെറുതേ പാഴാക്കീടല്ലേ" എന്ന വിഷയത്തെ അടിസ്ഥാനമാക്കി വചന ശുശ്രൂഷ നിർവ്വഹിച്ചു. ടി.എഫ്. ജോൺസൺ സ്വാഗതവും ജിജു നൈനാൻ കൃതജ്ഞതയും അറിയിച്ചു.

ഒറീസ്സ, ആസ്സാം, ബിഹാർ എന്നീ സംസ്ഥാനങ്ങളിൽ നിന്നും ജോലിസംബന്ധമായി കടന്നുവന്ന അക്രൈസ്തവ പശ്ചാത്തലത്തിലുള്ളവർ പലർ രക്ഷിക്കപ്പെടുകയും അവരിൽ 27 സഹോദരങ്ങളുടെ സ്നാനം ഇതുവരെയും സഭയായി നടത്തുകയും ചെയ്തു. അവർ ഇന്നു ദൈവത്തെ ആരാധിക്കുന്നു. അതോടൊപ്പം തന്നെ രെഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അധ്യാപകരുടെ കുടുംബങ്ങളും തദ്ദേശീയരായ ചില കുടുംബങ്ങളും ആരാധനയിലും മറ്റു ആത്മീയ കൂട്ടായ്മകളിലും മുടക്കം കൂടാതെ കടന്നു വരുന്നു. ഇപ്പോൾ ഏകദേശം 49-ൽ പരം വിശ്വാസികൾ സഭാകൂട്ടായ്മയിലുണ്ട്. ഞങ്ങളെയോർത്ത് പ്രാർത്ഥിക്കുകയും കടന്നുവന്നു സഹകരിക്കുകയും ചെയ്ത എല്ലാ ദൈവമക്കളോടുമുള്ള നന്ദിയെ അറിയിക്കുന്നു. ഈ ദൈവവേലയെ തുടർന്നും പ്രാർത്ഥനയിൽ ഓർക്കണമെന്നു താഴ്മയായി അപേക്ഷിക്കുന്നു.

ജിജു നൈനാൻ

## ധ്വനി ബൈബിൾ ക്വിസ് വിജയികൾ

**2014 - 2016 മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം അയച്ച ആൾ**

**Alice Korah Puthuppally**

**2014 - 2015 മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം അയച്ചവർ**

**1. P.K. Georgekutty Perumbavoor 2. Jeemon Daniel Mallappally 3. Kunjunjamma Moses Elanthoor 4. Nicey Renji Cheppad 5. Rosamma Thomas Thadiyoor**

**2015 - 2016 മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം അയച്ചവർ**

**1. Annamma Chacko Ranny, 2. Elizabeth P.V. Peroorkada 3. Rachel Manesh Wadakkanchery 4. Spurjan K.J. Trivandram 5. Suseela Biju Cheppad**

വിജയികൾക്കുള്ള സമ്മാനങ്ങൾ കട്ടപ്പന (സ്വരാജ്)യിൽ നടക്കുന്ന വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പിന്റെ സമാപന സമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണ്. വിജയികളായവർ സമ്മാനങ്ങൾ നേരിട്ടു വാങ്ങേണ്ടതാണ്. നേരിട്ടു കടന്നു വരുവാൻ കഴിയാത്തവർ നിങ്ങൾ അയയ്ക്കുന്ന പ്രതിനിധികളുടെ വിവരം ചീഫ് എഡിറ്ററെ അറിയിക്കുക. സമ്മാനങ്ങൾ ആർക്കും തപാലിൽ അയയ്ക്കുന്നതല്ല. ധ്വനി ബൈബിൾ ക്വിസിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

# തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിക്ക് NABH (E) അംഗീകാരം

**തിരുവല്ല:** മെഡിക്കൽ മിഷൻ ആശുപത്രിക്ക് സർക്കാരിന്റെ ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ കീഴിലുള്ള നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് & ഹെൽത്ത് കെയർ പ്രൊവൈഡേഴ്സിന്റെ **NABH (E)** അംഗീകാരം ലഭിച്ചു. ആശുപത്രിയിലെ രോഗനിർണ്ണയം, ചികിത്സ, പരിചരണം, ശുചിത്വം, സുരക്ഷിതത്വം, സാങ്കേതിക സംവിധാനങ്ങൾ എന്നിവയിലുള്ള ഗുണനിലവാരം വിലയിരുത്തി നൽകുന്ന അംഗീകാരമാണിത്. **NABH (E)** അംഗീകാരം ലഭിക്കുന്ന തിരുവല്ലയിലെ ഏക ആശുപത്രിയാണ് റ്റി.എം.എം. ദൈവത്തിന്റെ കയ്യൊപ്പുള്ള ഈ സ്ഥാപനം കൈവരിച്ച അപൂർവ്വമായ നേട്ടം കേരളത്തിലെ ബ്രദറൺ സമൂഹത്തിന് എന്നും അഭിമാനകരമാണ്.

തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയുടെ ഭരണം നിർവ്വഹിക്കുന്ന ദിവാൻ ബഹദൂർ ഡോ. വി. വർഗീസ് ഹോസ്പിറ്റൽ ട്രസ്റ്റ് അസോസിയേഷന്റെ വാർഷിക പൊതുയോഗം ആഗസ്റ്റ് 15-ന് നടന്നു. സ്വാതന്ത്ര്യദിനം പ്രമാണിച്ച് തിരുവല്ല ആർ.ഡി.ഓ. ജെ. ഷീലാ ദേവി ദേശീയപതാക ഉയർത്തി. പ്രസ്തുത ചടങ്ങിൽ തിരുവല്ല മെഡിക്കൽ മിഷനിൽ 25 വർഷം സേവനം പൂർത്തിയാക്കിയ 2 ജീവനക്കാർക്കും 10,12, ക്ലാസ്സുകളിൽ ഉയർന്ന മാർക്ക് നേടിയ റ്റി.എം.എം. ജീവനക്കാരുടെ മക്കൾക്കും ക്യാഷ് അവാർഡുകൾ സമ്മാനിച്ചു. കുട്ടികളുടെ നവീകരിച്ച വാർഡിന്റെ പ്രാർത്ഥനയും സമർപ്പണവും ഇതോടൊപ്പം നടന്നു. പൊതുചടങ്ങുകൾക്കു ശേഷം ചാപ്പലിൽ ഒന്നിച്ചു കൂടിയ പൊതുസമിതി അംഗങ്ങൾ കഴിഞ്ഞ നാളുകളിലെ ദൈവിക പരിപാലനമോർത്ത് ദൈവത്തെ മഹത്വപ്പെടുത്തുവാനും ദൈവികാലോചനകൾ കേൾക്കുവാനും വേണ്ടി സമയം വേർതിരിച്ചു. അതിനു ശേഷം നടന്ന വാർഷിക പൊതുസമിതി യോഗത്തിൽ, ചെയർമാർ കേണൽ (റിട്ട.) അലക്സ് വർഗീസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ (2015-2016) ഓഡിറ്റ് ചെയ്ത കണക്കുകളും അവതരിപ്പിക്കപ്പെട്ടു. ചർച്ചയ്ക്കുശേഷം റിപ്പോർട്ടും കണക്കുകളും പൊതുസമിതി അംഗീകരിക്കുകയും ചെയ്തു.

ഇപ്പോഴുള്ള പൊതുസമിതിയിൽ നിന്ന് ചെയർമാൻ കേണൽ (റിട്ട. അലക്സ് വർഗീസ്, സഹോദരന്മാരായ ജോർജ്ജ് കോശി മൈലപ്ര, ജേക്കബ് മാത്യൂ, ബാബു ജോൺ, റെജി സാം ചെറിയാൻ, ഡോ. ബോബി ജോൺ എന്നിവർ വിരമിച്ചു. സഹോദരന്മാരായ സണ്ണി തോമസ്, ജെയിസൺ ജയിംസ്, ജോൺ ബഞ്ചമിൻ എന്നിവർ പൊതുസമിതിലേക്ക് പുതിയതായി തിരഞ്ഞെടുത്തു. സഹോദരന്മാരായ സാം ഏബ്രാഹം പാറയിൽ, സജി മാത്യു എന്നിവർ പൊതുസമിതിയിൽ നിന്ന് ഭരണസമിതിയിലേക്ക് നിയമിക്കപ്പെട്ടു.


**പുതിയ ഭാരവാഹികൾ :** പീറ്റർ ജോസഫ് (ചെയർമാൻ), ഡെന്നി ജോൺ (വൈസ് ചെയർമാൻ), ബെന്നി ഫിലിപ്പ് (സെക്രട്ടറി), റെജി മാത്യു (ജോയിന്റ് സെക്രട്ടറി), വിൽസൺ തോമസ് (ട്രഷറർ), ഏബ്രഹാം വി. വർക്കി (ജോയിന്റ് ട്രഷറർ), ജേക്കബ് ജോൺ (പ്രസിഡന്റ് കോളേജ് ബോർഡ്), സാബു ഏബ്രഹാം (സെക്രട്ടറി കോളേജ് ബോർഡ്), റോബർട്ട് തോമസ് (ട്രഷറർ കോളേജ് ബോർഡ്).

**കോ-ഓർഡിനേറ്റേഴ്സ് :** ജേക്കബ് അലക്സാണ്ടർ (മന്ദമരുതി ആശുപത്രി), തോമസ് കോര (വാഴൂർ ആശുപത്രി), റെജി മാത്യു (സ്പിരിചൽ കമ്മിറ്റി), സാബു ഏബ്രഹാം (മീഡിയാ & പബ്ലിഷിംഗ് കമ്മിറ്റി). മൂന്നു ആശുപത്രികളും രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉൾപ്പെടുന്ന ഈ ശുശ്രൂഷയുടെ അനുഗ്രഹകരമായ മുന്നേറ്റത്തിനു വേണ്ടി സഹോദരീസഹോദരന്മാരുടെ പ്രാർത്ഥനയും സഹകരണവും തുടർന്നും അഭ്യർത്ഥിക്കുന്നു.

**ബെന്നി ഫിലിപ്പ് (സെക്രട്ടറി)**

*പുസ്തകലോകം*

# ഇതുവരെയെന്നെ കരുതിയ നാഥൻ




**ഡോ. പി. പി. ജോർജ്ജ്, അങ്കമാലി**

**ദൈ**വത്തിന്റെ അത്ഭുതമാർന്ന കരുതൽ അല്പം നർമ്മരസത്തിൽ എഴുതിയ തന്റെ ജീവചരിത്രസംഗ്രഹമാണ് ആദ്യഭാഗം. രണ്ടാമത്തേത് പതിനൊന്ന് വിജ്ഞാന വിഷയങ്ങളാണ്. പ്രകൃതി ചികിത്സ, ഗൃഹവൈദ്യം ഭക്ഷണത്തിലൂടെ, ഗൃഹവൈദ്യം പ്രതിദിന ജീവിതത്തിൽ, അടുക്കളയിലാവശ്യമായ 131 പൊടിക്കൈകൾ, 120 വിജയ ജീവിത പാതകൾ, വിജ്ഞാന വീഥി (17 വിഷയങ്ങൾ), മഹാന്മാർ പറയുന്ന 43 ചിന്തകൾ, 263 പഴഞ്ചൊല്ലുകൾ, 102 കുസൃതി ചോദ്യങ്ങൾ (വിനോദവും വിജ്ഞാനവും), മൂല്യമുള്ള 17 ദൃഷ്ടാന്തങ്ങൾ, 101 ആവർത്തിച്ച ഫലിതങ്ങൾ ഇവയെല്ലാം അടങ്ങുന്ന ഒരു മൾട്ടികളർ ആർട്ട് പേപ്പർ ഓപ്പൺ ബൈണ്ട് ഗ്രന്ഥമാണിത്.

264 പേജുള്ള ഈ ഗ്രന്ഥം 175 രൂപയ്ക്ക് ലഭിക്കും. 10 ൽ കൂടുതൽ കോപ്പികൾ ഒരുമിച്ച് എടുക്കുന്നവർക്ക് 30%വും സഭകൾക്കും ബുക്കുഡിപ്പോകൾക്കും 40%വും കമ്മീഷൻ. പ്രീമിയർ ബൈബിൾ പബ്ലിക്കേഷൻസ്, അങ്കമാലി- 683 572. ഫോൺ: 0484- 2452319, 9846047419

# സുവിശേഷക്യാമ്പ്

## സെപ്റ്റം. 19,20 തീയതികളിൽ

**തൃശ്ശൂർ:** വൈ.എം.ഇ.എഫ്. തൃശ്ശൂർ യൂണിറ്റിന്റെ രണ്ടു ദിവസത്തെ സുവിശേഷ ക്യാമ്പ് ചാലക്കുടി ക്രിസ്ത്യൻ ബ്രദ്റൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 19,20 തീയതികളിൽ നടക്കുന്നു. കർത്തൃദാസന്മാരായ പി.എ. ജോസഫ് (താളിക്കുണ്ട്), ജോഷി ജോൺ (നെല്ലിക്കുന്ന്), ബാബു വർഗീസ് (നടത്തറ) എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

ആഗസ്റ്റ് 24-ന് യൂണിറ്റിന്റെ ഒരു ഏകദിന സമ്മേളനം ചേലക്കോട്ടുകര ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ വളരെ അനുഗ്രഹമായി നടന്നു. മുഖ്യാഥിതി സുവിശേഷകൻ തോമസ് മാത്യു കട്ടപ്പന 'ദൈവത്തിന്റെ പരമാധികാരവും വിശ്വാസിയും' എന്ന വിഷയത്തിൽ ക്ലാസുകൾ എടുത്തു. തുടർന്നും തൃശ്ശൂർ യൂണിറ്റിന്റെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

*പി.എസ്. ഡാനിയേൽ, കൊരട്ടി (സെക്രട്ടറി)*

## ➤➤ ....ജ്യേഷ്ഠാവകാശം?

**പക്ഷേ ഇന്നത്തെ സ്ഥിതി എന്താണ്. ഏതു കാര്യത്തിലാണ് നമുക്കു വേർപാടുള്ളത്. ഏതു കാര്യത്തിലാണ് നാം വ്യത്യസ്തർ ആയിരിക്കുന്നത്. ദൈവവചനത്തിനും നിർമ്മലമായ ഉപദേശ സത്യങ്ങൾക്കും വേർപാട് ജീവിതത്തിനും വിശുദ്ധിക്കും നമ്മുടെ പിതാക്കന്മാർ കാണിച്ചു തന്ന ജീവിത മാതൃകയ്ക്കും നാം എന്തു വിലയാണ് കല്പിച്ചിട്ടുള്ളത്.**

ബഹുമാനിച്ചു പേന്നു. അത്രയ്ക്ക് വിശ്വാസവും ആത്മനിറവും വിശുദ്ധിയും നല്ല സാക്ഷ്യവും പ്രാപിച്ചവർ ആയിരുന്നു ദൈവജനം. അതിന്റെ അനന്തര ഫലമോ അനേകർ വിശ്വസിച്ച് അവരോടു ചേർന്നു വന്നു. ദൈവസഭ അനുദിനം വളർന്നു കൊണ്ടിരുന്നു. പ്രസംഗത്തിനും ഉപദേശത്തിനും ഒത്തവണ്ണം ജീവിതത്തെയും ചിട്ടപ്പെടുത്തണം. വോർപാടും വിശുദ്ധിയും ഉപദേശവും പ്രത്യക്ഷമായി കാണത്തക്ക നിലയിൽ നമ്മിലും വിളങ്ങി കാണണം അത് മറ്റുള്ളവർക്ക് ദൃശ്യമാകണം. ഈ സത്യമാണ് അപ്പൊസ്തല പ്രവൃത്തികളിൽ നാം കാണുന്നത്. മേൽക്കുമേൽ അനവധി പുരുഷന്മാരും സ്ത്രീകളും ദൈവസഭയോട് ചേർന്നു വരണമെങ്കിൽ പ്രസംഗവും ഉപദേശവും മാത്രം പോരാ. അതിന് അനുസരിച്ചുള്ള ജീവിതവും വിശുദ്ധിയും നല്ല സാക്ഷ്യവും ഉണ്ടാകണം.

പക്ഷേ ഇന്നത്തെ സ്ഥിതി എന്താണ്. ഏതു കാര്യത്തിലാണ് നമുക്കു വേർപാടുള്ളത്. ഏതു കാര്യത്തിലാണ് നാം വ്യത്യസ്തർ ആയിരിക്കുന്നത്. ദൈവവചനത്തിനും നിർമ്മലമായ ഉപദേശ സത്യങ്ങൾക്കും വേർപാട് ജീവിതത്തിനും വിശുദ്ധിക്കും നമ്മുടെ പിതാക്കന്മാർ കാണിച്ചു തന്ന ജീവിത മാതൃകയ്ക്കും നാം എന്തു വിലയാണ് കല്പിച്ചിട്ടുള്ളത്. ഒരു ചെറിയ ശേഷിപ്പ് ഉണ്ട് എന്നത് ഒഴിച്ചാൽ ബഹുഭൂരിപക്ഷം വിശ്വാസികളും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തർ അല്ല എന്നുള്ളതാണ് സത്യം. നാം ഒരു ആത്മപരിശോധനയ്ക്ക് വിധേയരാകേണ്ടതാണ്. ദൈവം തന്റെ കൃപയാൽ നമുക്കു തന്ന ജ്യേഷ്ഠാവകാശ പദവികളെ വിലയുള്ളതായി കണ്ട് മുറുകെ പിടിക്കാം. നമ്മുടെ രക്ഷിതാവും കർത്താവുമായവന് മഹത്വം കരേറ്റിയുള്ള ഒരു ജീവിതം നയിക്കുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

[അവസാനിച്ചു]

ചിന്ത T.V.S.

# ആഴങ്ങളിലെ ശാന്തതയും അനുഗ്രഹവും

ജീവിതമാകുന്ന കപ്പലിൽ ലോകമാം സാഗരത്തിൽ യാനം ചെയ്യുന്നവർക്ക് തിരമാലകളെ അഭിമുഖീകരിക്കാതെ യാത്രചെയ്യാൻ സാധിക്കയില്ലല്ലൊ. നാം കരയോടടുക്കുമ്പോൾ അതിന്റെ ശക്തി ചിലപ്പോൾ വർദ്ധിച്ചു എന്നു വരാം. ആഴക്കടലിലേക്ക് ഇറങ്ങുമ്പോൾ അതിന്റെ ശക്തി കുറഞ്ഞു എന്നും വരാം. കടലിന്റെ ക്രമീകരണം അങ്ങനെയാണല്ലോ. പ്രതികൂലങ്ങളുടെ കാറ്റ് ശക്തമായി അടിക്കുമ്പോൾ തിരമാലകൾ മലപോലെ ഉയർന്നു എന്നു വന്നേക്കാം. അങ്ങനെയുള്ള തിരമാലകളുടെ ഉയർച്ചയും അലർച്ചയും കാണുകയും കേൾക്കുകയും ചെയ്തപ്പോൾ പത്രോസിന്റെ മനോബലം ബലഹീനമാകയും കാലുകൾ വെള്ളത്തിൽ താഴുകയും ചെയ്തു. ഇതേ അനുഭവത്തിലൂടെ നാമും കടന്നുപോയെന്നു വന്നേക്കാം. തിരമാലകൾ കൊണ്ട് വിശ്രമം കൂടാതെ ഇളകിമറിയുന്ന സമുദ്രത്തിന്റെ ഉപരിതലം എപ്പോഴും പ്രക്ഷുപ്ധമായിരിക്കും. എന്നാൽ ഉള്ളിലേക്ക് ചെല്ലുന്തോറും കൂടുതൽ ശാന്തമായിരിക്കും.

ഒരു മുങ്ങിക്കപ്പൽ ഒരിക്കൽ പരിശോധനയ്ക്കായി കടലിന്നടിയിലൂടെ മണിക്കൂറുകളോളം യാത്രചെയ്ത് പരിശോധനയ്ക്കു ശേഷം തീരത്തു അണഞ്ഞപ്പോൾ തലേന്ന് ഉണ്ടായ വലിയ കൊടുങ്കാറ്റ് മുങ്ങിക്കപ്പലിൽ എത്ര മാത്രം അനുഭവപ്പെട്ടു എന്ന് ഉദ്യോഗസ്ഥർ അന്വേഷിച്ചു. ആ ചോദ്യം കേട്ടപ്പോൾ മുങ്ങിക്കപ്പലിൽ ഉണ്ടായിരുന്നവർ അത്ഭുതപ്പെട്ടു. അവർക്ക് അങ്ങനെയുണ്ടായ ഒരു കൊടുങ്കാറ്റിന്റെ ശക്തമായ പ്രകടനം യാതൊരു വിധത്തിലും അനുഭവപ്പെട്ടില്ല. കാരണം കപ്പൽ ആ സമയത്തെല്ലാം കടലിന്റെ ആഴമേറിയ ശാന്തമായ ഭാഗത്തിലൂടെ നീങ്ങുകയായിരുന്നു.

ഈ സംഭവത്തിലൂടെ ദൈവമക്കൾ അറിഞ്ഞിരിക്കേണ്ട ഒരു വലിയ യാഥാർത്ഥ്യം ഉണ്ട്. സാധാരണ കപ്പൽ സഞ്ചരിക്കുമ്പോൾ അതിന് ഉപരിതലവുമായി ബന്ധം ഉണ്ടായിരിക്കും. എന്നാൽ മുങ്ങിക്കപ്പൽ സഞ്ചരിക്കുന്നത് അങ്ങനെയല്ലല്ലൊ. ഈ സംഭവം രണ്ടുതരം വിശ്വാസികളെ പ്രതിനിധീകരിക്കുന്നു എന്ന് നമുക്ക്

**ആ ചോദ്യം കേട്ടപ്പോൾ മുങ്ങിക്കപ്പലിൽ ഉണ്ടായിരുന്നവർ അത്ഭുതപ്പെട്ടു. അവർക്ക് അങ്ങനെയുണ്ടായ ഒരു കൊടുങ്കാറ്റിന്റെ ശക്തമായ പ്രകടനം യാതൊരു വിധത്തിലും അനുഭവപ്പെട്ടില്ല. കാരണം കപ്പൽ ആ സമയത്തെല്ലാം കടലിന്റെ ആഴമേറിയ ശാന്തമായ ഭാഗത്തിലൂടെ നീങ്ങുകയായിരുന്നു.**

മനസ്സിലാക്കാൻ പ്രയാസം ഉണ്ടാകയില്ലെന്ന് കരുതുന്നു. ഒരു കൂട്ടം വിശ്വാസികൾ, അവർ എപ്പോഴും സഞ്ചരിക്കുന്നത് ഉപരിതലത്തോടുള്ള ബന്ധം അഥവാ കരയോടുള്ള ബന്ധം വിടാതെയാണ്. അവർക്ക് കരയിലെ കാഴ്ചകളോട് ബന്ധവും താൽപര്യവും കാണും. ലോകത്തോട് പറ്റും പരിചയവും അവർക്കു കൂടുതലായി ഉണ്ടായിരിക്കും- അവർ ദൈവഹിതപ്രകാരമുള്ള ഒരു ആത്മീയ കാഴ്ചപ്പാട് ഇല്ലാതെ കരയിൽ മാത്രം നിന്നാൽ മതിയെന്നുള്ളവരാണ്- അവർക്ക് കർത്താവിൽ നിന്നുള്ള അനുഗ്രഹം വേണ്ടുവോളം ലഭിച്ചു എന്നു വരികയില്ല. അങ്ങനെയുള്ളവരോട് കർത്താവ് പറയുന്നത് അല്പം ആഴത്തിലേക്ക് നീക്കി പ്രവൃത്തി തുടരുവാനാണ്. ദൈവവചനത്തിന്റെ ആഴങ്ങളിലും വിലയേറിയ മുത്തുകൾ ഉണ്ട്- അത് വല വീശി പിടിക്കാനാണ് കർത്താവ് നമ്മോട് കല്പിച്ചിരിക്കുന്നത്. അതിന് അല്പം അധ്വാനം ഉണ്ട്.

മലകളിലും വനാന്തരങ്ങളിലും നിൽക്കുന്ന വലിയ മരങ്ങൾ വീഴാതെ നിൽക്കുന്നതിന്റെ രഹസ്യം അവ അവയുടെ വേരുകൾ ആഴങ്ങളിലേക്ക് ഇറക്കിയതുകൊണ്ടാണ്. വലിയ കാറ്റും കോളും ഒക്കെ വരുമ്പോൾ അവ ഉറച്ചു നിൽക്കുന്നു. അങ്ങനെ ആഴങ്ങളിലേക്ക് വേരുകൾ ഇറക്കിയ മരങ്ങളെ എളുപ്പത്തിൽ വീഴ്ത്തുവാൻ സാധിക്കയില്ലല്ലൊ. കർത്താവ് പറഞ്ഞതു പോലെ ആഴങ്ങളിലേക്ക് വലയെറിഞ്ഞപ്പോൾ പെരുത്ത മീൻകൂട്ടം അവർക്ക് ലഭിച്ചു. അവരുടെ നിരാശ പ്രത്യാശയായി മാറ്റപ്പെട്ടു- നാം ദൈവമക്കളാണെങ്കിൽ നമ്മുടെ വിശ്വാസത്തിന്റെ വേരുകൾ ആഴങ്ങളിലേക്ക് ഇറക്കേണ്ടിയിരിക്കുന്നു- എന്നാൽ മാത്രമെ ഉപരിതലത്തിൽ അടിക്കുന്ന പ്രലോഭനങ്ങളുടെ കൊടുങ്കാറ്റും ലോകത്തിന്റെ വശീകരണശക്തിയിൽ നിന്നും ഉണ്ടാകാവുന്ന ഈശാനമൂലൻ കൊടുങ്കാറ്റിൽ നിന്നും രക്ഷപ്പെടുകയുള്ളു- നമുക്ക് വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങാം- കൊടുങ്കാറ്റിൽ നിന്ന് രക്ഷ പ്രാപിക്കാം- അവ നമ്മെ ഒരിക്കലും നിരാശപ്പെടുത്തുകയില്ല. ●

**SUVISESHADHWANI**
Fortnightly
Vol. 38 Issue 29
Annual Subscription
India Rs. 200/-
USA/Canada US$ 100
Envelope Postage
Rs. 2500/-
Chief Editor:
**Saju P. Stephen**
Padinjattil Puthenpurayil,
Kakkoor P.O., Koothattukulam
Pin-686662, Mob:9747486981
sajupstephen@gmail.com
**Please send news and articles to:**
Associate Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Mob : 9495162788
samjichoonattu@gmail.com
**Send your drafts & money order to :**
Managing Editor
**Samson Samuel**
Sam's Cottage,Palace Square
Chottanikara P.O.,
Ernakulam - 682 312
Mob: 9605001818
samgen701@gmail.com
Circulation Manager:
**A.D. James**
Angamaly-683572
Mob: 9446814115
Please send DD/Cheque drawn in favour of :
Suvisesha Dhwani
E-mail :
suviseshadhwani2011@gmail.com

**REGISTERED**
***Reg. No. RN 29475/1978***
**Postal Reg. No. KL / ALY / 0076 / 2015-17**
**Licence No. KL/CR/ALU/WPP-08/2015-17**
**Licensed to Post Without Prepayment.**
**Date of Publishing : 10/ 09 / 2016**

***If not delivered, please return to :***
**Managing Editor,**
**SUVISESHADHWANI,**
Sam's Cottage, Palace Square
Chottanikara P.O.,
Ernakulam - 682 312.

Printed & Published by Saju P. Stephen on behalf of General Y.M.E.F. & Printed at Speck Offset Press, Eroor, Ekm. & Published at Padinjattil Puthenpurayil, Kakkoor, Ekm. Dist. Editor : Saju P. Stephen. Design: D'Club, Kallissery.